

# നവോത്ഥാന ഗംഗ

( കവിതാ സമാഹാരം )

നവോത്ഥാന ആശയങ്ങൾക്ക് പ്രാമുഖ്യം
കൊടുത്തു കൊണ്ട് തയ്യാറാക്കിയത്

പ്രൊഫ.പി.വി.പീതാംബരൻ

Malayalam

Navodhana Ganga

Author- Prof. P.V.Peethambaran

First Published in 2021

Published by Prof. P.V. Peethambaran,
Promoter, Sree Sankara School of Dance, Kalady.

D.T.P. - S.S.D., Kalady

Layout & Printing - Varnam, Kanjoor

Copies - 500

All Rights Reserved

Price - Rs. 50/-

Copies can be had from the office of Sree Sankara School of Dance, Kalady.

# ആമുഖം

നവോത്ഥാന ദർശനങ്ങൾക്ക് പ്രമുഖ്യം കൊടുത്തു കൊണ്ട് തയ്യാറാക്കിയ കവിതാ സമാഹാരമാണ് നവോത്ഥാന ഗംഗ. നൃത്തവിദ്യാർത്ഥിനികൾക്കും നർത്തകിമാർക്കും ഹ്രസ്വ നൃത്താവിഷ്കാരങ്ങൾ ചിട്ടപ്പെടുത്തുന്നതിന് ഉതകുന്ന രീതിയിലാണ് ചില കവിതകൾ തയ്യാറാക്കിയിട്ടുള്ളത്.

മന്നത്ത് ആചാര്യൻ, ചിന്മുദ്ര, അയ്യന്റെ യാത്ര, എ.കെ.ജി., മുല്ലപ്പെരിയാർ എന്നീ കവിതകളാണ് പ്രസിദ്ധീകരണ സമയത്ത് നൃത്താവിഷ്കാരത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ആദ്യത്തെ കവിത, മന്നത്ത് ആചാര്യൻ, കൊറോണക്കാലത്ത് ഡിജിറ്റൽ റിലീസായാണ് ആസ്വാദകരിൽ എത്തിച്ചത്. ഏഴു മിനിട്ട് ദൈർഘ്യമുള്ള പ്രഥമ നൃത്തം മനോഹരമായി അവതരിപ്പിച്ച സി.കെ.കൃഷ്ണ കൃപയെ നന്ദിയോടെ സ്മരിക്കുന്നു.

അയ്യന്റെ യാത്ര, കർമ്മ യോഗി, ചിന്മുദ്ര, മുല്ലപ്പെരിയാർ എന്നീ കവിതകൾ പരിശോധിച്ച ഡോ.ഹരികൃഷ്ണ ശർമ്മയോടും മന്നത്ത് ആചാര്യൻ പരിശോധിച്ച സാഹിത്യകാരൻ പി.ആർ. ഹരികുമാറിനോടുമുള്ള നന്ദിയും അറിയിക്കുന്നു. രണ്ടാം ഘട്ടത്തിൽ നൃത്താവതരണത്തിന് മുന്നോട്ടു വന്ന നൃത്ത പ്രതിഭകളേയും നന്ദിയോടെ സ്മരിക്കുന്നു.

ശക്തി ഗണപതിക്ക് കവിതകൾ സമർപ്പിച്ചു കൊണ്ട്

പ്രൊഫ.പി.വി.പീതാംബരൻ

## പ്രൊഫ.പി.വി.പീതാംബരൻ

ജനനം- ശിവജിപുരം, തുറവൂർ, എറണാകുളം ജില്ല, നവം. 24,1957

മാതാപിതാക്കൾ - അച്ഛൻ, കെ. വേലായുധൻ,
അമ്മ, കോത വേലായുധൻ

സഹോദരങ്ങൾ - കുമാരൻ, ലക്ഷ്മി, ബാലകൃഷ്ണൻ,
നാരായണൻ, ദാമോദരൻ, ഗോപാലൻ

വിദ്യാഭ്യാസം - സെന്റ് മേരീസ് എൽ.പി.സ്കൂൾ, തുറവൂർ,
ബി.എസ്.യു.പി.എസ്.
കാലടി, ബ്രഹ്മാനന്ദോദയം ഹൈസ്കൂൾ
(ബി.എച്ച്.എസ്.) കാലടി,
ശ്രീശങ്കരാ കോളേജ്, കാലടി.

ജോലി ചെയ്ത സ്ഥലങ്ങൾ - എം.എ.കോളേജ്, കോതമംഗലം,
ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ,
ശ്രീശങ്കരാ കോളേജ്, കാലടി.

ഗ്രന്ഥങ്ങൾ - അടിസ്ഥാന പൊതുവിജ്ഞാനം,
നാട്യവിജ്ഞാനം (5 ഭാഗങ്ങൾ),
ജനറൽ നോളഡ്ജ് ഫോർ കോമ്പറ്റിറ്റീവ്
എക്സാമിനേഷൻ, സൂപ്പർ ക്വിസ്,
ഗുരുകൃപാവാണി
(പ്രസംഗങ്ങളുടെ സമാഹാരം),
ദേശീയോദ്ഗ്രഥനം, ജനറൽ നോളഡ്ജ്
ഫോർ സിവിൽ സർവീസസ്
എക്സാമിനേഷൻ, നെല്ലിക്കുഴി
തീർത്ഥാടനത്തിന്റെ കാലിക പ്രസക്തി,
ദി റൈസിംങ്ങ് എസ്.എസ്.ഡി.,
ശിവജിപുരം മുതൽ ശ്രീശങ്കരാ
കോളേജ് വരെ, സാമൂഹിക നീതിയും
ഗാന്ധിയൻ പോരാട്ടങ്ങളും,
നെല്ലിക്കുഴി തീർത്ഥാടനം - ചരിത്രവും
ആട്ടപ്രകാരവും, കലാസംഘാടനം എന്ന
കല, ദി മേക്കിംങ്ങ് ഓഫ് ആൻ അർട്ടിസ്റ്റ്,
തന്ത്രവിദ്യാ പീഠങ്ങളും സാമൂഹിക മാറ്റവും,
നവോത്ഥാന ഗംഗ (കവിതാസമാഹാരം)

സഹധർമ്മിണി സുധാ പീതാംബരൻ, ഡയറക്ടർ, ശ്രീശങ്കര
സ്കൂൾ ഓഫ് ഡാൻസ്

## ഉള്ളടക്കം - ഭാഗം 1


| ക്രമ നമ്പർ | വിഷയം | പേജ് |
|---|---|---|
| 1. | ശക്തി ഗണപതി | 7 |
| 2. | ജഗദ്ഗുരു | 8 |
| 3. | വിശ്വഗുരു | 10 |
| 4. | ശ്രീശങ്കരാചാര്യർ (എൽ.പി., യു.പി.കുട്ടികൾക്കു വേണ്ടി) | 12 |
| 5. | ശ്രീനാരായണ ഗുരുദേവൻ (എൽ.പി.,യു.പി.കുട്ടികൾക്കു വേണ്ടി) | 14 |
| 6. | ചട്ടമ്പിസ്വാമികൾ | 17 |
| 7. | ചിന്മുദ്ര | 18 |
| 8. | അയ്യന്റെ യാത്ര | 19 |
| 9. | എ.കെ.ജി. | 20 |
| 10. | മന്നത്ത് ആചാര്യൻ | 23 |
| 11. | കർമ്മയോഗി | 24 |
| 12. | പണ്ഡിറ്റ് കറുപ്പൻ | 26 |
| 13. | തീർത്ഥാടനം | 27 |
| 14. | അരുവിപ്പുറം പ്രതിഷ്ഠ | 28 |


## ഉള്ളടക്കം —ഭാഗം 2.


| | | |
|---|---|---|
| 1. | മൂകാംബികാ ദേവി | 30 |
| 2. | ഉണ്ണിക്കണ്ണൻ (എൽ.പി.കുട്ടികൾക്കു വേണ്ടി) | 31 |
| 3. | മുല്ലപ്പെരിയാർ | 32 |
| 4 | കൊറോണ | 33 |
| 5. | പ്രളയക്കാഴ്ചകൾ | 34 |

**ഓം ശക്തി ഗണപതയേ നമ :**

# ശക്തി ഗണപതി

അദ്വൈത ഭൂമിതൻ ശക്തി വിനായകാ
മോദക പ്രിയനാം ഗണപതി ഭഗവാനെ
അടിയരെ കാക്കുന്ന ആശ്രിത വത്സലാ
പെരിയാറിൻ തീരത്തിൻ പുണ്യമല്ലോ ഭവാൻ

ഏകമാം ബ്രഹ്മത്തിൻ അനുഭൂതി നല്കി
ഏകദന്തം മാതൃകയാക്കിയ പുണ്യ പ്രഭോ
പുണ്യമാം മാർഗ്ഗത്തിൻ അടിയരെ ഗമിപ്പിക്കും
വക്രതുണ്ഡം ദൃഷ്ടാന്തമാക്കിയ പുണ്യമല്ലൊ ഭവാൻ

ശാരദാ പ്രതിഷ്ഠതൻ പുണ്യവുമേന്തി
ശ്രീശങ്കര പ്രതിഷ്ഠക്ക് ശക്തിയും നല്കി.
പ്രളയം ജലം തന്നിൽ ആവാഹിച്ച വിഘ്നേശ്വര പ്രഭോ
ശങ്കര ഭൂമിതൻ കാരുണ്യ ദേവനല്ലോ ഭവാൻ

ശ്രീശങ്കരനാമ നാട്യകലാലയം-
തൻ ആത്മ ബന്ധുവല്ലോ നീ
മഴത്തുള്ളികളെ രോധിച്ച് സന്തുഷ്ടിയേകിയ
അദ്വതീയനാം ശക്തി വിനായക വന്ദനം വന്ദനം.

***********

ഓം ശ്രീ ഗണപതയേ നമ :

## ജഗദ്ഗുരു

ശ്രീശങ്കരാ   ശ്രീശങ്കരാ
അദ്വൈത നാടിൻ പുണ്യ പ്രഭോ
ഭാരത നാടിൻ ജ്ഞാനേശ്വരാ
ആത്മീയ നാടിൻ നന്മ പ്രഭോ

ഭാരത ദേശം തൻ യാത്രയിൽ
സനാതന ധർമ്മം വ്യാപനം ചെയ്ത്
ചതുർ മഠങ്ങൾ സംസ്ഥാപനം ചെയ്ത
വിശ്വ സാഹോദര്യം ഉണർത്തിയ ധർമ്മ പ്രഭോ

അദ്വൈത ദർശനം കർമ്മത്തിൻ മാർഗ്ഗമായി
ജീവാത്മാ പരമാത്മാ ഏകത്വ ബോധമുണർത്തി
കർമ്മത്തിൻ കാണ്ഡത്തിന് ശക്തി പകർന്ന്
ഭാരത ദേശത്തെ ഒന്നായി ദർശിച്ച
ഭാരതത്തിൻ ആത്മീയ പുണ്യമല്ലോ ഭവാൻ

ആദിശങ്കരൻ തൻ അദ്വൈത തത്വത്തിൽ
ജാതി മത ദൈവ ഏകത്വം ദർശിച്ച്
പ്രയോഗ അദ്വൈത മന്ത്രം ഉരുവിട്ട
ശ്രീ ഗുരുദേവനും ഭാരതത്തിൻ സുകൃതമല്ലോ

കാലടി ദേശത്തെ ഭൂലോക ധരണിയാക്കിയ
ആഗമാനന്ദ സ്വാമിയും  ദേശത്തിൻ പുണ്യമല്ലോ ഭവാൻ
ശാങ്കര സ്മൃതി ആചാര്യനാൽ ലിഖിതമല്ലെന്ന്
രാഷ്ട്ര താതനെ ധരിപ്പിച്ച ആഗമാനന്ദ പാണ്ഡിത്യം എത്ര ധന്യം

ശ്രീരാമ പരമ ഹംസരും വിവേകാനന്ദനും
ചട്ടമ്പിസ്വാമിയും  അയ്യങ്കാളി ഗുരുവരനും
ജീവാത്മാ പരമാത്മാ തത്വ ബോധമുണർത്തിയ
ഭാരതാംബ തൻ കർമ്മ കാണ്ഡത്തിൻ പുണ്യാത്മാക്കളല്ലോ

അദ്വൈത ദർശനത്തിൽ അന്യത്വ ബോധമില്ലെന്ന
ചണ്ഡാള രൂപിയായ മഹാദേവ ബോധനത്തെ
മാലോകർക്ക് അനുഭവവേദ്യമാക്കിയ  പുണ്യാത്മാവല്ലോ
വിവേക ചൂഡാമണി തൻ പുണ്യം പകർന്ന ജഗദ്ഗുരു

മാതാവിൻ മഹത്വം മാതൃപഞ്ചകം ചൊല്ലി പ്രകീർത്തിച്ച
ദാരിദ്ര നിർമ്മാർജ്ജന മഹാ മന്ത്രമായി കനകധാരാസ്തവവും
ധർമ്മത്തിൻ മാർഗ്ഗമായി സനാതന ധർമ്മവും
ഒരു പീഢ എറുമ്പിനും വരുത്തരുതെന്ന ഗുരുദേവ വചനവും
വിശ്വ സാഹോദര്യ സമാധാന പുണ്യ മന്ത്രങ്ങളല്ലോ
വന്ദനം വന്ദനം  ഗുരു പരമ്പര വന്ദനം വന്ദനം

***********

ഓം ശ്രീ ഗണപതയേ നമ :

## വിശ്വഗുരു

ആചാര്യ സ്വാമി തൻ അദ്വൈത മന്ത്രത്തെ
ഒരു ജാതി ഒരു മതം ഒരു ദൈവ-
മെന്ന ആഗോള വേദാന്ത ധർമ്മമായി-
ക്കണ്ട ഭാരത നാടിൻ പുണ്യമല്ലോ ഗുരു

ശിവ പൂജ അധ:സ്ഥിതന് അന്യമാം-
കാലം ഈഴവ ശിവനെ പ്രതിഷ്ഠിച്ച്
അരുവിപ്പുറത്തെ ഭൂലോക മാതൃകയാക്കിയ
കൈരളി തന്നുടെ ബുദ്ധനല്ലോ ഗുരു

അരുവിപ്പുറം പ്രതിഷ്ഠയെ മഹത്തരമാക്കി
പുണ്യ വചനങ്ങൾ ഈവിധം അരുളിയല്ലോ ഗുരു
ജാതി ഭേദം മത ദ്വേഷം ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്

വിദ്യയിലൂടെ പ്രബുദ്ധരാകുവാൻ
സംഘടനയിലൂടെ ശക്തരാകുവാൻ
സരസ്വതി ക്ഷേത്രവും പിന്നെ യോഗവും-
സംസ്ഥാപനം ചെയ്ത
കൈരളി തന്നുടെ ശ്രീ ഗുരുദേവ പുണ്യ പ്രഭോ

അന്ധവിശ്വാസത്തെ ആഴിയിൽ താഴ്ത്തി
അനാചാരങ്ങൾക്കെതിരെ പ്രബോധനം നല്കി
ഭ്രാന്താലയമായ മലയാള ഭൂമിയെ പുണ്യ ഭൂമിയാക്കിയ
നവോത്ഥാനത്തിൻ താതനല്ലോ ഗുരു

വാക്ദേവത ശാരദാ ദേവിതൻ പ്രതിഷ്ഠയെ
വിശ്വോത്തര പ്രതിഷ്ഠയായി മാനവ രാശിയെ-
ഉദ്ബോധിപ്പിച്ച് ജനനീ നവരത്നമഞ്ജരി രചിച്ച്
അക്ഷര പുണ്യമേകിയ പുണ്യാത്മാവല്ലോ ഗുരു

ദേവാലയങ്ങളിൽ സോഷ്യലിസ്റ്റ് ചിന്താധാര ഉണർത്തി
സാധുക്കൾക്കായി വഴിപാട് വരുമാനം വിനിയോഗിച്ച്
രണ്ട് കരികളും ഉത്സവ ഘോഷങ്ങളിൽ നിന്നന്യമാക്കി
സർവ്വ മത സാരം അരുളിയ രണ്ടാം ബുദ്ധനല്ലോ ഗുരു

സർവ്വ മത സാരം ഹൃദയ വചനമായി
സർവ്വ മത വേദിയായി പെരിയാറിൻ തീരം
വാദവും ജയവുമില്ലാതെ സ്വയം അറിയാനും
അറിയിക്കാനും ഒരു സർവ്വ മത കൂട്ടായ്മ

മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്നും
വിദ്യ കൊണ്ട് പ്രബുദ്ധരാകാനും
സംഘടന കൊണ്ട് ശക്തരാകാനും
മദ്യം ഉണ്ടാക്കരുത് കൊടുക്കരുത് കുടിക്കരുതെന്നും
അരുളിചെയ്ത ഗുരുവരനല്ലോ ഭവാൻ

അവാച്യമാം അനവധി അനുഭൂതി-
അടിയർക്കായി പകർന്ന പുണ്യ പ്രഭോ
അർദ്ധനാരീശ്വരസ്തവം ഉരുവിട്ട്
മാരി വർഷിച്ച കാരുണ്യ ഗുരുമൂർത്തേ
വരൾച്ചയിൽ വാടിക്കരിഞ്ഞ ജീവന്
ഉണർവ്വ് നല്കിയത് എത്ര പുണ്യം

ഭഗവദ് ദർശന പുണ്യം ലഭിച്ച്
വസുദേവാഷ്ടക ഭജനം രചിച്ച്
മുകിൽവർണ്ണനോടൊപ്പം ഓടിക്കളിച്ച്
മാതൃകയായൊരു നാണുവല്ലോ ഗുരു
ശിഷ്യന് ഭഗവദ് ദർശനം ലഭിച്ചതിൽ
സംതൃപ്തനായി ഗുരു രാമനാശാനും

കാളിയുടെ നാടകം ഈ പ്രപഞ്ചം തന്നെയാക്കി
നാദബിന്ദ്വാത്മികയും നാശഹീനയും
നാരദൻ മുതൽ പേർ പൂജിക്കുന്നവളുമായ
ദേവിതൻ സൗമ്യ രൗദ്ര ഭാവങ്ങൾ വരച്ചു കാട്ടി
ശിവാംബാ സ്തുതി കാളിനാടകം എത്ര സുകൃതം

***********

ഓം ശ്രീ ഗണപതയേ നമ :

## ശ്രീശങ്കരാചാര്യർ

(കുട്ടികൾക്കു വേണ്ടി)

ഭാരത നാടിൻ ആത്മീയ പുണ്യം
ജഗദ് ഗുരുവാം ആദിശങ്കരൻ
കാലടി ദേശത്തിൽ ജന്മമെടുത്ത
അദ്വൈതത്തിൻ പുണ്യ ഗുരു

ശിവ ഗുരുവും ആര്യാംബയും
വടക്കുംനാഥ സന്നിധിയിൽ ഭജനം ചെയ്ത്
അറിവിൻ നിറകുടമാം ആദിശങ്കരനെ
സദ് പുത്രനായി ലഭിച്ചത് പുണ്യമല്ലൊ

ബുദ്ധിയും ഭക്തിയും ചേർന്നൊരു ഉണ്ണി
പൂർണ്ണാ തീരത്തിൻ പണ്യമായൊരു ഉണ്ണി
നക്രഗ്രാഹണം നിയതി നിയോഗം
കല്പിതമല്ലോ സന്യാസി ജീവിതം

ദാരിദ്ര ദു:ഖത്താൽ ക്ലേശിച്ച്
അമലകം ഭിക്ഷയായി നല്കിയ
മാതാവിനായി കനകധാരാസ്തോത്രം-
ചൊല്ലി മഹാലക്ഷ്മിയെ സംപ്രീതയാക്കി
സ്വർണ്ണ നെല്ലിക്ക വർഷിച്ച
പുണ്യ ബാലകാ ശ്രീശങ്കരാ

മാതാവിനായി പൂർണ്ണാ നദി-
ഗതി മാറ്റി ഒഴുക്കി ശ്രീകൃഷ്ണ-
വിഗ്രഹ പുന: പ്രതിഷ്ഠ നടത്തി
അച്യുതാഷ്ടകം ആലപിച്ച പുണ്യ പ്രഭോ

ഗുരുവായി ഗോവിന്ദ ഭഗവദ്പാദർ
ശിഷ്യനായി പത്മപാദർ
ഭാരത നാടിൻ ഗുരു - ശിഷ്യ ബന്ധം
മഹത്വവൽക്കരിച്ച ശങ്കര പ്രഭോ

കാപാലികന് മോക്ഷമേകിയ
വിജ്ഞാനത്തിൻ ഉറവിടമാം പുണ്യ പ്രഭോ
ഉമിത്തീയിൽ എരിയുന്ന കുമാരിലഭട്ടന്
ദർശനം നല്കിയതെത്ര സുകൃതം

രാവും പകലും നീണ്ട വാദത്തിൽ
മണ്ഡന മിശ്രനെ തോൽപ്പിച്ച്
സർവ്വജ്ഞ പീഠം പുല്കിയ
അദ്വൈതത്തിൻ പുണ്യ പ്രഭോ

ഗണേശപഞ്ചരത്നവും
സൗന്ദര്യ ലഹരിയും ശിവാനന്ദ ലഹരിയും
അച്യുതാഷ്ടകവും ഭജഗോവിന്ദവും
കനകധാരയും മാതൃപഞ്ചകവും
അടിയർക്ക് ഉരുവിടാൻ ഏകിയത്
ജന്മസുകൃതമല്ലോ ഭവാൻ

മാതൃ വിയോഗത്തിൻ സമയം
ആര്യാംബ തൻ ചാരെ അണഞ്ഞു
മാതൃ പഞ്ചകം ചൊല്ലി ശൈവ-
വൈഷ്ണവ ദർശനം നല്കിയ ശ്രീശങ്കര പ്രഭോ
പണ്ഡിത ഹംസമാം ആചാര്യരോട്
അദ്വൈത മതത്തിൽ അന്വത്തമില്ലെന്ന-
രുളിയ ചണ്ഡാളനെത്തന്നെ
ഗുരുവായി വരിച്ചത് എത്ര ധന്യം

***********

ഓം ശ്രീ ഗണപതയേ നമ :

**ശ്രീനാരായണ ഗുരുദേവൻ**

(കുട്ടികൾക്കു വേണ്ടി രചിച്ചത്)

ഗുരുദേവാ  ഗുരുദേവാ
ശ്രീനാരായണ ഗുരുദേവാ
ശിവഗിരി നാഥാ ഗുരുദേവാ
അടിയനെ കാക്കും ഗുരുദേവാ

ശ്രീശങ്കരന്റെ ബുദ്ധിപ്രഭാവവും
ശ്രീബുദ്ധന്റെ ദയാവായ്പും
ഒത്തു ചേർന്ന ഗുരുദേവാ
കൈരളി നാടിൻ പുണ്യ പ്രഭോ

ദേവിയെ സ്തുതിച്ച്
രോഗ മുക്തി നേടിയ ബാലക
അടിയർക്ക് ശക്തിയും ഭക്തിയും
നൽകി കാത്തരുളൂ ദേവാ

കാളി ദേവിയെ സ്തുതിച്ച്
വരൾച്ചയെ അകറ്റി
മാരി വർഷിച്ച
ശ്രീനാരായണ ദയാ സിന്ധോ

ശിവപ്പെരുമാളിനെ പ്രതിഷ്ഠിച്ച്
ശിവശതകം രചിച്ച്
അരുവിപ്പുറപ്പെരുമയിലൂടെ കൈരളിയെ-
മാതൃകാ സ്ഥാനമാക്കിയ ഗുരുദേവ

വാസുദേവാഷ്ടകം രചിച്ച്
കൃഷ്ണനോടൊപ്പം ഓടിക്കളിച്ച
ഗുരുദേവാ അടിയന് ശ്രീകൃഷ്ണ
ദർശന പുണ്യം നല്കു

വിദ്യ കൊണ്ട് പ്രബുദ്ധരാകുവാൻ
സരസ്വതി ക്ഷേത്രവും
സംഘടന കൊണ്ട് ശക്തരാകുവാൻ യോഗവും
സ്ഥാപിച്ച പുണ്യ ദേവ ഗുരുദേവാ

ഭ്രാന്താലയമായ മലബാറിനെ
മത വൈരമില്ലാത്ത
നന്മയുടെ ആലയമാക്കിയ
പുണ്യ ദേവ ഗുരുദേവാ

ജാതി ചോദിക്കാത്ത
ജാതി പറയാത്ത
മനുഷ്യ കൂട്ടായ്മയായി
മലയാള നാടിനെ  മാറ്റിയ ഗുരുദേവാ

ഒരു ജാതി ഒരു മതം
ഒരു ദൈവം മനുഷ്യന്
എന്ന പുണ്യ മന്ത്രം പഠിപ്പിച്ച
അദ്വൈത ദേവാ ഗുരുദേവാ

മദ്യം ഉണ്ടാക്കരുത്
കൊടുക്കരുത്
കുടിക്കരുത് എന്നരുളിയ
നന്മ ദേവാ ഗുരുദേവാ

മരുത്വാ മലയിൽ ശിവദർശനം
ലഭിച്ച് ശിവപ്രസാദപഞ്ചകം രചിച്ച്
ശിവനെ സ്തുതിച്ച
പുണ്യദേവാ ഗുരുദേവാ

ശിവ മഹിമ മനസ്സിലാക്കുവാൻ
അദ്വൈത ദർശനം ജനകീയമാക്കുവാൻ
പാമ്പാട്ടി ചിന്ത് ശീലിൽ
കുണ്ഡലിനിപ്പാട്ട് രചിച്ച പുണ്യ ദേവാ

കുണ്ഡലിനി ശക്തി ഉയർത്തി
മനസ്സിനെ പാമ്പിനെപ്പോലെ ആടാൻ
ജീവാത്മാവിനോട് ഉപദേശിച്ച
യോഗീശ്വരനാം ഗുരുദേവാ

മതം ഏതുമാകട്ടെ
മനുഷ്യൻ നന്നായാൽ
മതിയെന്നു പഠിപ്പിച്ച
മാനവ ദേവാ ഗുരുദേവാ

പെരിയാറിൻ തീരത്ത്
സർവ്വ മത സമ്മേളനം നടത്തി
സർവ്വ മത സാരം പഠിപ്പിച്ച
അദ്വൈത ദേവാ ഗുരുദേവാ

ശാരദ പ്രതിഷ്ഠയെ
മഹത്തരമാക്കി ജനനീ നവരത്ന മഞ്ജരി
രചിച്ച് ശിവഗിരി ദേശത്തിന്
അക്ഷര പുണ്യമേകിയ ശിവഗിരി നാഥാ

അന്ധവിശ്വാസങ്ങളെ നീക്കി
അറിവിന്റെ വെളിച്ചം പകർന്ന
അനാചാരങ്ങളെ ഇല്ലായ്മ ചെയ്ത
നവോത്ഥാന ദേവ ഗുരുദേവ

ആത്മീയ വളർച്ചക്ക് ശിവഗിരി തീർത്ഥാടനത്തിന്
അനുമതി ഏകിയ ശിവഗിരി നാഥ ഗുരുദേവ
സർവ്വ മത പ്രാർത്ഥനയായ ദൈവദശകം രചിച്ച്
ലോകത്തിന് വെളിച്ചമായ വിശ്വദേവാ ഗുരുദേവാ
ഓം ശാന്തി , ശാന്തി , ശാന്തി.

***********

ഓം ശ്രീ ഗണപതയേ നമ :

## ചട്ടമ്പിസ്വാമികൾ

കേരള ഭൂവിൻ ആത്മീയ ചൈതന്യം
വിദ്യാധി രാജനാം ചട്ടമ്പിസ്വാമികൾ
വിദ്യയും വിത്തവും ചൈതന്യമാക്കിയ
കമണ്ഡലമില്ലാത്ത വിജ്ഞാന പ്രഭോ

നാരി സമത്വത്തെ നന്മയായിക്കണ്ട
സംസ്കൃത ഭാഷയെ പുണ്യമായിക്കണ്ട
വേദ ഗ്രന്ഥങ്ങളെ വ്യാപനമാക്കിയ
നവോത്ഥാന ഗംഗാ പ്രവാഹ പ്രഭോ

കുഞ്ഞു മനസ്സിലെ നന്മയെ ദർശിച്ച
പൈതങ്ങൾ തന്നുടെ പാർശ്വികനാം പ്രഭോ
ജീവനിലെല്ലാം അനുകമ്പ ദർശിച്ച്
മൃഗബലി  രോധിച്ച കാരുണ്യ പ്രഭോ

അയിത്തമില്ലാത്തൊരു മലയാള ഭൂമിക്കായി
അവർണ്ണനോടൊപ്പം ഭോജനം പങ്കിട്ട്
തീണ്ടലിൻ ബിന്ദു ജലനിധിയാക്കിയ
കൊല്ലൂരിൻ പരമ ഭട്ടാരക പ്രഭോ

ചിന്മുദ്ര തൻ വ്യാഖ്യാനം  ഗ്രഹിക്കുവാൻ
വിവേകാനന്ദ മനീഷിതൻ  യാത്രയിൽ
ശാസ്ത്ര തുല്യമാം വാണി മൊഴിഞ്ഞത്
മലബാറിൻ പുണ്യ കലാനിധിയല്ലോ

ഗഞ്ചിറ തന്നുടെ ഇഷ്ട വാദ്യമായി
കേരള ഭൂമിയെ കലയോട് ചേർത്ത്
ആത്മീയ പുണ്യമായി ചട്ടമ്പിസ്വാമി
വസുദൈവ കുടുംബകം എത്ര പുണ്യം

***********

ഓം ശ്രീ ഗണപതയേ നമ :

## ചിന്മുദ്ര

ശരണമയ്യപ്പ സ്വാമി ശരണമയ്യപ്പ
ശരണമയ്യപ്പ സ്വാമി ശരണമയ്യപ്പ
സകലകലാ വല്ലഭനാം ചട്ടമ്പിസ്വാമി തൻ
വിജ്ഞാന ഗംഗ അനുഭവ വേദ്യമാക്കിയ
ഭാരതത്തിൻ പുണ്യാത്മാവല്ലോ വിവേകാനന്ദ മനീഷി
പ്രണാമം പ്രണാമം പരമഭട്ടാരക പ്രഭോ
ചിന്മുദ്ര തൻ വ്യാഖ്യാനം ഗ്രഹിക്കുവാൻ
ഭരത രാജ്യം തൻ യാത്രയിൽ
ശാസ്ത്ര തുല്യമാം വാണി മൊഴിഞ്ഞത്
മലബാർ തൻ പുണ്യ മാനുഷൻ വിദ്യാധിരാജനല്ലൊ
ജീവാത്മ പരമാത്മ ഏകത്വ ബോധമുണർത്തും
സച്ചിതാനന്ദ സ്വരൂപമല്ലൊ ചിന്മുദ്ര
അയ്യപ്പനും ആദിശങ്കരനും ചിന്മുദ്രതൻ
പരമാനന്ദ ബോധം ഉണർത്തിയ പരമാത്മാക്കളല്ലൊ
മുത്തുമാലയും കറുത്ത വസ്ത്രവും
ഇരുമുടിക്കെട്ടും എരുമേലിതൻ നൃത്തവും
ശരംകുത്തിയും പിന്നിട്ട് പതിനെട്ടാംപടിയും
ആത്മബോധം ഉണർത്തും തത്വമസിയല്ലൊ
ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്
സ്മരിക്കയീ ഗുരുദേവ അദ്വൈത മന്ത്രം
സദ് ചിന്ത സൃഷ്ടിക്കും ചിന്മുദ്രാ മന്ത്രം
ബുദ്ധനും മഹാവീരനും ശിഷ്യർക്ക് അരുളിയ മഹാമന്ത്രമല്ലൊ
സുന്ദരമാം തരംഗങ്ങൾ തലച്ചോറിൽ തീർക്കും
ശ്ലേഷ്മ ഗ്രന്ഥിതൻ മഹാമുദ്രാ മന്ത്രം

ശരണമയ്യപ്പ സ്വാമി ശരണമയ്യപ്പ
ശരണമയ്യപ്പ സ്വാമി ശരണമയ്യപ്പ

പിൻകുറിപ്പ് : ഏക 2021 പദ്ധതി പ്രകാരം നൃത്തവൽക്കരിച്ച കവിത (സമയം 11 മിനിട്ട്)

***********

ഓം ശ്രീ ഗണപതയേ നമ :

## അയ്യന്റെ യാത്ര

വെങ്ങാനൂരിൽ പ്രിയ സുതനെ
ഭാരത നാടിൻ സൂതനല്ലോ അയ്യൻ
അധ:സ്ഥിതർ  തൻ രാജാവായത്
കൈരളി തന്നുടെ പുണ്യമല്ലോ

ജാതിയില്ലാത്തൊരു പുണ്യ ഭൂമിക്കായി
രാജവീഥികൾ പൊതു വീഥിയാക്കി
വില്ലുവണ്ടി തെളിയിച്ച
വീരനല്ലോ ഭവാൻ അയ്യനയ്യൻ

ഗുരുദേവ ദർശനം പുലരാനായി
കർമ്മകാണ്ഡത്തിന് ശക്തിയേകി
ഭവാൻ മാതൃകയാക്കി സാധുജന
പരിപാലനവും പരിപാലിനിയും

വിദ്യതൻ  ഔന്നത്വം മഹാമന്ത്രമാക്കി
കുടിപ്പള്ളിക്കൂടം സംസ്ഥാപനം ചെയ്ത പുണ്യ പ്രഭോ
സമതക്കായി തൊണ്ണൂറാമാണ്ട് കർഷക
ഊരൂട്ടമ്പല, കണ്ടല, പുല്ലാട് സ്മരണകൾ

ഗുരുദേവ വചനവും വള്ളത്തോൾ കവിതയും
വേദാന്തമാക്കി  അദ്വൈത ചിന്തയും
ജാതിക്കോമരക്കല്ലുമാല അറുത്തെറിഞ്ഞ
ഭാരതത്തിൻ മഹാനായ പുത്രനല്ലോ ഭവാൻ

പിൻകുറിപ്പ് : ഏക 2021 പദ്ധതി പ്രകാരം നൃത്തവൽക്കരിച്ച
കവിത ( സമയം 7 മിനിട്ട്) )

***********

ഓം ശ്രീ ഗണപതയേ നമ:

## എ.കെ.ജി.

ഭാരത ഭൂവിൻ വിപ്ലവ ചൈതന്യം
സാധുക്കൾ തൻ ധീരനാം എ.കെ.ജി.
ഭാരതാംബ തൻ സ്വാതന്ത്ര ലബ്ദിക്കായി
അനാരതം പട വെട്ടിയൊരേക്കേജി

സമതക്കായി പ്രതിഷേധം പുരയിൽ തുടങ്ങി
സോഷ്യലിസ്റ്റ് സംഹിത മഹാമന്ത്രമാക്കി
ജന്മിത്വത്തിനെതിരെ പടവാളേന്തിയ
കൈരളി തന്നുടെ പുണ്യമല്ലോ ഭവാൻ

മാതൃഭാഷയെ പെറ്റമ്മയായി കണ്ട
ഗുരുവരനല്ലോ ഏ.കെ.ജി.
ചങ്ങമ്പുഴ തൻ മലയപ്പുലയന്റെ സ്വപ്നം
ശിഷ്യരെ ദ്യോദിപ്പിച്ച ഗുരുനാഥനല്ലോ ഭവാൻ

ആശാൻ കവിതയെ ആശയ സമ്പുഷ്ടമാക്കി
മഞ്ഞക്കുപ്പായക്കാരെ ഹൃദയത്തിൽ ചേർത്ത്
പാട്ട ബാക്കിയിലെ നടനായും
ഭഗവദ്ദൂതിലെ കൃഷ്ണനായും പിന്നെ
ഭാരം ചുമക്കുന്നവന്റെ കൃഷ്ണനായതും-
ചരിത്രം ഹന്ത ഭാഗ്യം ജനാനാം

മഹാത്മജി തൻ ദണ്ഡിയാത്രയും
കേരള ഗാന്ധി തൻ പയ്യന്നൂർ യാത്രയും
എ.കെ.ജി.യിൽ സ്വാതന്ത്ര്യ തൃഷ്ണയുണർത്തി
നിദ്രയെ പുൽകാതെ ചിന്താധീനനായി എ.കെ.ജി.

കേളപ്പൻതൻ സ്വാധീന വലയത്തിൽ
ജന്മനാടിൻ മോചന മന്ത്രവുമായി
നിയമലംഘനം പുല്കിയ
കേരളനാടിൻ പുണ്യ പ്രഭോ
അംശിതൻ സഹന സമര കാഹളം
ബ്രിട്ടനെ വിരട്ടുവാൻ ശക്തിയേകി സഹജരിൽ

പൂച്ചയും ശുനകനും  നടുറോഡിൽ വിഹരിക്കും കാലം
കണ്ടോത്ത് റോഡ് കെട്ടിയടച്ച കാട്ടാള നീതിക്കെതിരെ
അധ:സ്ഥിതർ  തൻ മോചന മുദ്രാവാക്യം മുഴക്കി
സഞ്ചാര സ്വാതന്ത്ര്യം സമ്പാദിച്ചു ധീരനാം എ.കെ.ജി.

അയിത്തമില്ലാത്തൊരു ഗുരുപവനപുരിക്കായി
അനവരതം ജാഥ നയിച്ചൊരേക്കേജി
ജാതിക്കോമര വേലി തകർത്ത് ഭഗവദ്-
ദർശന നിയതിക്ക് ശക്തി പകർന്ന
കൈരളി തന്നുടെ സുകൃതമല്ലോ ഭവാൻ

നികുതി ഭാരത്താൽ  കർഷകർ
കൂലിയില്ലാതെ  തൊഴിലെടുക്കുന്നവർ
ദേശത്തിൻ ദു:ഖമായി പട്ടിണിപ്പാവങ്ങൾ
തമിഴകത്തേക്കൊരു പട്ടിണി ജാഥ
നാടിൻ ധീരനായി എ.കെ.ജി.

ദാരിദ്രത്തിൽ കൊടിയ ദു:ഖവും പേറി
എ.കെ.ജി.യും കൃഷ്ണപിളളയും
കോട്ടൺമിൽ തൊഴിലാളികളെ ഹൃദയത്തിൽ ചേർത്ത്
പണിയെടുക്കുന്നവന്റെ പടത്തലവനായി എ.കെ.ജി.

രാമസ്വാമി തൻ ദുർഭരണത്തിനെതിരെ
ഉത്തരവാദ ഭരണ ജാഥ നയിച്ചും
അനീതിക്കെതിരെ പടവാളോങ്ങിയും
കേരള ജനത തൻ ഓമനയായതും പുണ്യം

കോൺഗ്രസ്സായി പിന്നെ സോഷ്യലിസ്റ്റായി
നാല്പതുകളിൽ  പിന്നെ കമ്മ്യൂണിസ്റ്റായതും
പാറപ്രത്തിൽ ഭാഗമായതും ഭാഗ്യം
ഇത് ഭാരത നാടിൻ പുണ്യമല്ലോ പ്രഭോ

സ്വതന്ത്രത്തിൻ പുലർകാല വേളയിൽ
മോചിതരായി തടവുകാർ
മോചനമില്ലാതെ എ.കെ.ജി.
ദു:ഖമെല്ലാം നെഞ്ചോടു ചേർത്ത്
കരുതൽ തടവിൻ ബലിയാടായ
ഭാരതാംബ തൻ ധീര പുത്രനല്ലോ എ.കെ.ജി.

അമരാവതിയിലെ ആലംബഹീനർക്കായി
പോരാട്ട വീര്യം ഉയർത്തി ദിന രാത്രങ്ങൾ
ദുർഗന്ധം വമിക്കും കുടിലിൽ ശയിച്ച്
നിരാഹാരം പുല്കിയ പുണ്യ പ്രഭോ

അടിയന്തിരാവസ്ഥയെ നിർഭയം നേരിട്ട്
മിച്ചഭൂമിക്കായി പോരാട്ടമുയർത്തി
സമത്വ സുന്ദര ഭാരത ഭൂമിക്കായി
അനവരതം പട പൊരുതിയൊരേ-
ക്കേജി കേരളത്തിൻ നവ ധീരനല്ലോ ഭവാൻ

***********

ഓം ശ്രീ ഗണപതയേ നമ:

## മന്നത്ത് ആചാര്യൻ

ഭാരതഭൂവിൻ ആത്മീയ ചൈതന്യം
ഭാരത കേസരി മന്നത്താചാര്യൻ
മാനുഷ നന്മക്കായി എൻ.എസ്.എസ്.സ്ഥാപിച്ച
കർമോൽസുകനാം മാനുഷൻ മന്നം.

അയിത്തമില്ലാത്തൊരു ഭാരതഭൂമിക്കായി
അനവരതം പടവെട്ടിയൊരാചാര്യൻ
വൈക്കത്തിന്നഭിമാനമായൊരു യോഗി
കൈരളി തന്നുടെ സുകൃതമല്ലോയിത്

ഗുരുപവനപുരി കൈരളിയാക്കിയ
കാരുണ്യ സിന്ധ്യോ നിൻ പുണ്യ പ്രഭാവം
പിടിയരി കൊണ്ട് സരസ്വതി ക്ഷേത്രം
സംസ്ഥാപനം ചെയ്ത പുണ്യ പ്രഭോ

ജാതിപ്പേരുകളെല്ലാം നീക്കിയ മന്നം
ഒരു ജാതി ഒരു മതം വേദാന്തമാക്കി
ഭാരത ദേശത്തെ ഒന്നായി ദർശിച്ച
കേരളത്തിൻ മദൻമോഹനല്ലോ ഭവാൻ

പിൻകുറിപ്പ് : ഏക 2021 പദ്ധതി പ്രകാരം ആദ്യം നൃത്ത വൽക്കരിച്ച കവിത (സമയം 7 മിനിട്ട്)

***********

ഓം ശ്രീ ഗണപതയേ നമ :

## കർമ്മയോഗി

പുണ്യം പേറുന്ന അദ്വൈതഭൂമിയിൽ
ഏകനായി ആഗതനായ ആഗമാനന്ദ പ്രഭോ
ശ്രീശങ്കര ധരണിയെ വിശ്വ ദേശമാക്കിയ
വേദാന്തിയാം കർമ്മയോഗിയല്ലൊ ഭവാൻ

അറിവിന്റെ ഹരിശ്രീ കുറിക്കും സരസ്വതി ക്ഷേത്രവും
ശങ്കര നാമത്തിൽ ഉന്നത പഠന കേന്ദ്രവും
സംസ്കൃത കോളേജും വാസസ്ഥലങ്ങളും
സംസ്ഥാപനം ചെയ്ത യോഗിയല്ലോ ഭവാൻ

അധ:സ്ഥിത മോചനം അർപ്പണമാക്കി
ജാതി നിർമ്മാർജ്ജനം കർമ്മത്തിൻ മാർഗ്ഗമായി
ജാതി വ്യത്യാസം ഭരത സംസ്കാരമല്ലെ-
ന്നുണർത്തിയ കർമ്മയോഗിക്ക് വന്ദനം

കാലിയെ മേച്ച വിടരുന്ന മൊട്ടിനെ
വിദ്യ കൊണ്ട് സ്വതന്ത്രനാക്കി
കാർഷിക വിശ്വവിദ്യാലയം തൻ
ഉന്നത ചാൻസിലറാക്കിയ പുണ്യ പ്രഭോ

അവർണ്ണനും ആഗമാനന്ദനും അനുവാദമില്ലെന്ന-
വിളംബരം ഗർജ്ജനം കൊണ്ട് നിഷ്പ്രഭമാക്കി
വീരവാണി കൊണ്ട് കൈരളിയെ ഉണർത്തിയ
അദ്വൈതഭൂമിതൻ അഭിമാന സൂതനല്ലോ ആഗമാനന്ദൻ

ക്ഷേത്ര പ്രവേശന വിളംബരമേകുവാൻ
ചാലക ശക്തിയായും ഇണ്ടൻ തുരുത്തിതൻ
ശാങ്കര സ്മൃതിയുടെ യാഥാസ്ഥിതി തൻ കോട്ട തകർത്തതും
മഹാത്മജിതൻ അരുമയായതും ആഗമാനന്ദനല്ലോ.

പെരിയാറിൻ തീരത്തെ പുണ്യാശ്രമത്തിന്
ദീപം തെളിയിച്ചും അദ്വൈതനാമം നല്കിയും
അധഃസ്ഥിതരെ പൂജ പഠിപ്പിച്ച് പൂജാരിയാക്കിയതും
പ്രയോഗിക വേദാന്തം തൻ പുണ്യമല്ലോ പ്രഭോ

സംസ്കൃത ഭാഷയെ അമൃത ഭാഷയാക്കി
ശ്രീശങ്കര ദേശത്തെ കലയോട് ചേർത്ത്
വികസന മന്ത്രമായി ശ്രീശങ്കര പാലവും
ശങ്കര നാടിൻ സുകൃതമല്ലോ ഭവാൻ

***********

ഓം ശ്രീ ഗണപതയേ നമ:

## പണ്ഡിറ്റ് കറുപ്പൻ

സാഹിത്യ കുടീരത്തിൻ വിദ്വാനാം കവി തിലകൻ
കേരള ലിങ്കണാം സാഹിത്യ നിപുണൻ
അധ:സ്ഥിതർ തൻ നന്മക്കായി സഭകൾ സ്ഥാപിച്ച
നവോത്ഥാന ശില്പി വിദ്വാനാം പണ്ഡിറ്റ് കറുപ്പൻ

ജാതിക്കുമ്മിയെ മാഗ്നാ കാർട്ടയാക്കി
അവർണ്ണർ തൻ മോചന മന്ത്രം മുഴക്കി
ജാതിക്കോമര തിന്മകൾക്കെതിരായി
അനവരതം പടവാളേന്തിയ പുണ്യ പ്രഭോ

സാഹിത്യ വിചിന്തനം കർമ്മത്തിൻ മാർഗ്ഗമായി
അന്ധവിശ്വാസങ്ങളെ ആഴിയിലാക്കി ആചാര ഭൂഷണം
കരമടവില്ലാത്ത കര ഭൂമിയില്ലെങ്കിലും
കെട്ടു വള്ളം കെട്ടി കൊച്ചിക്കായൽ യോഗം-
നടത്തി അദ്വൈത തത്വം പുല്കിയ പണ്യ പ്രഭോ
വന്ദനം വന്ദനം അധ:സ്ഥിതർ തൻ നന്മ പ്രഭോ

***********

ഓം ശ്രീ ഗണപതയേ നമ:

## തീർത്ഥാടനം

വടക്കു നിന്നൊരു തീർത്ഥാടനം
കിഴക്കു ദിക്കിലേക്കൊരു തീർത്ഥാടനം
സമൂഹ നന്മക്കായി ഒരു തീർത്ഥാടനം
മാതൃകയാണീ തീർത്ഥാടനം

പഞ്ചശുദ്ധി വരുത്തുന്നു പതിതർ
ഒരു പീഢ എറുമ്പിനുമില്ലല്ലോ
മത വൈരമില്ലാ മാത്സര്യമില്ലാ
മദ്യത്തിൻ മഹാമാരി ലവലേശമില്ലാ

അതിർത്തി വിട്ടൊരു തീവ്രവാദവും
അതിർത്തിക്കുള്ളിലെ അഴിമതിയും
മർത്യകുലത്തിന് രോദനമല്ലൊ
രോദനം രോധിച്ച് കാത്തിരിപ്പൂ നാം
പുലരട്ടെ വളരട്ടെ രാമരാജ്യം
വന്ദനം വന്ദനം ഭാരത ദേശമേ

പണമില്ലെങ്കിലും പകിട്ടുണ്ടല്ലൊ
ഭൂലോക മാതൃകയാകുമീ തീർത്ഥാടനം
നവോത്ഥാനം തളിരിട്ട തീർത്ഥാടനം
ഇത് നെല്ലിക്കുഴിതൻ പുണ്യമല്ലോ ദേവി

ജനിക്കുമ്പോഴെൻ കുഞ്ഞ് ഗാന്ധിയെ അറിയണം
ജഗദ്ഗുരുവിനെ മനസ്സിൽ നമിക്കണം
ഗുരുദേവ സ്വാമിയെ മാതൃകയാക്കണം
വിവേകാനന്ദ മനീഷിയെ കണ്ടു പഠിക്കണം

അയ്യനെ ഉള്ളത്തിൽ ചേർത്തീടണം
ആഗമാനന്ദചരിതം പഠിക്കണം
ജാതിയും മതവും ഒന്നുമില്ലാത്തൊരു
പുണ്യഭൂമിയായി കൈരളി ഉയരേണം
വന്ദനം വന്ദനം ഭഗവതി വന്ദനം
വന്ദനം വന്ദനം ഭാരത ദേശമേ

ഓം ശ്രീ ഗണപതയേ നമ

## അരുവിപ്പുറം പ്രതിഷ്ഠ

*ഓം നമ:ശിവായ*

ജാതിബോധമുള്ള കേരളഭൂമിയെ
ജാതിഭേദമില്ലാത്തൊരു കൈരളിയാക്കുവാൻ
മാനുഷരെല്ലാം ഒന്നാണെന്നരുളിയ
പുണ്യാത്മാവല്ലോ ശ്രീനാരായണ ഗുരു

ജാതി ചോദിക്കാത്ത ജാതി പറയാത്ത
ജാതി വിചാരിക്കാത്ത മലയാള നാടിനായി
ഒരു ജാതി ഒരു മതം ഒരു ദൈവ-
മെന്ന വേദാന്ത ദർശനമരുളിയ
വിശ്വ ഗുരുവല്ലോ ശ്രീനാരായണ ഗുരുദേവൻ

അവർണ്ണന് സഞ്ചാരം വിലക്കിയ വഴിയിൽ
ശുനകനും പൂച്ചക്കും സഞ്ചാരമാകാം
വൈക്കവും കണ്ടോത്തും പിന്നെ വെങ്ങാനൂരും
കൈരളി തന്നുടെ പുണ്യ വീഥിയായി

ശിവപ്രതിഷ്ഠയും ശിവാരാധനയും
അവർണ്ണനു അന്യമാം കാലം അരുവി-
പ്പുറത്തെ ശിവ പ്രതിഷ്ഠ ഭുവന മാ-
തൃകയാക്കിയ ഗുരുദേവന് പാദ പ്രണാമം

തത്വമസി ബോധമുയർത്തി
ദൈവ സങ്കൽപത്തെ ഉയർത്തി
നിരാകാരനാം ശിവതത്വം
അനുഭവ വേദ്യമാക്കിയ വിശ്വ ഗുരുവിന് പ്രണാമം

ഓം ശാന്തി ഓം ശാന്തി ഓം ശാന്തി

***********

# ഭാഗം 2

ഓം ശ്രീ ഗണപതയേ നമ:

## മൂകാംബികാ ദേവി

(കുട്ടികൾക്കു വേണ്ടി)

കൊല്ലൂരിൽ കുടികൊള്ളും മൂകാംബികേ
ജ്ഞാനാംബികേ ദേവി നാദാംബികേ
അടിയനു വരമേകു പുണ്യാംബികേ
അറിവിൻ വരമേകു ജ്ഞാനാംബികേ

അസുരനെ നിഗ്രഹിച്ച ദുർഗ്ഗാംബികേ
അടിയങ്ങൾക്കാശ്രയം അവിടുന്നല്ലോ
ശിവനും ശക്തിയും ചേർന്ന മൂകാംബികേ
കോല മഹർഷി തൻ പുണ്യാംബികേ
ജ്യോതിർ ലിംഗമാം ശക്തി സ്വരൂപമേ
ആദിശങ്കരൻ തൻ ജഗദാംബികേ

കുടജാദ്രിതൻ പുണ്യമാം മൂകാംബികേ
സൗപർണ്ണികാ തീരത്തിൻ ശക്തി സ്വരൂപമേ
മഹാകാളിയും മഹാലക്ഷ്മിയും മഹാസരസ്വതിയും-
ചേർന്ന രാജരാജേശ്വരിയാം മൂകാംബികേ
ബ്രഹ്മ വിഷ്ണു മഹേശ്വര പുണ്യം പകർന്ന
ശക്തിസ്വരൂപിണിയാം പുണ്യാംബികേ

അദ്വൈതാചാര്യന് ദർശനമേകിയ മൂകാംബികേ
അടിയന് ദർശനമേകൂ അമ്മേ മൂകാംബികേ
അമ്മതൻ ചിലങ്കയുടെ നാദം കൊല്ലൂരിലും
ജ്യോതിയാനയിച്ച കരയിലും
പുണ്യഭൂമിയായ കാലടിയിലും മുഴങ്ങാൻ
അടിയർക്കു വരമേകൂ ദേവീ സരസ്വതി

വേദനയെല്ലാം വേദാന്തമാക്കുവാൻ
ദു:ഖങ്ങളെല്ലാം സൗപർണ്ണികയാക്കുവാൻ
നർത്തനമെല്ലാം കുടജാദ്രിയാക്കുവാൻ
ആശ്രയമാകൂ അമ്മേ കാവ്യാംബികേ

***********

ഓം ശ്രീ ഗണപതയേ നമ:

## ഉണ്ണിക്കണ്ണൻ

(എൽ.പി. വിദ്യാർത്ഥികൾക്ക്)

കണ്ണാ കണ്ണാ ഓടി വാ കണ്ണാ
ഓടക്കുഴലുമായി ഓടി വാ കണ്ണാ
നർത്തനമാടാൻ ഓടി വാ കണ്ണാ
ഗുരുവായൂരിൻ ഓമനക്കണ്ണാ

കണ്ണാ കണ്ണാ കാർമുകിൽ വർണ്ണാ
മഞ്ഞപ്പട്ടു ചുറ്റി ഓടി വാ കണ്ണാ
മയിൽപ്പീലി വെച്ച് ഓടി വാ കണ്ണാ
നർത്തനമാടാൻ ഓടി വാ കണ്ണാ

കണ്ണാ കണ്ണാ ഓടി വാ കണ്ണാ
ഗോപികമാരുടെ ഓമനക്കണ്ണാ
ഗോപാലന്മാരുടെ ഗോകുലക്കണ്ണാ
നർത്തനമാടാൻ ഓടി വാ കണ്ണാ

കണ്ണാ കണ്ണാ കാർമുകിൽ വർണ്ണാ
കുസൃതിക്കുടുക്കയായി ഓടി വാ കണ്ണാ
രാധയോടൊപ്പം ഓടി വാ കണ്ണാ
നർത്തനമാടാൻ ഓടി വാ കണ്ണാ
കണ്ണാ കണ്ണാ ഓടി വാ കണ്ണാ
വെണ്ണയും കൊണ്ട് ഓടി വാ കണ്ണാ
വേണുഗാനത്തിൻ നാദവുമായി
നർത്തനമാടാൻ ശക്തി താ കണ്ണാ

***********

ഓം ശ്രീ ഗണപതയേ നമ:

# മുല്ലപ്പെരിയാർ

പാട്ടത്തിൻ ദൂ:ഖം പേറുന്ന
മലയാളിക്ക് നിദ്രയില്ലാത്ത രാത്രികൾ
നാല്പതു സംവത്സരങ്ങൾ പിന്നിട്ടിട്ടും
മച്ചു അണയുടെ ദുർഗതി മായാതെ മനസ്സിൽ
മോർബി പട്ടണംതൻ ജലസമാധി
എത്ര പേർക്കെന്ന് ഒരു നിശ്ചയവുമില്ല
കാലപ്പഴക്കം വേട്ടയാടുന്ന മുല്ലപ്പെരിയാറിനെ
അമ്പത് വർഷം പിന്നിട്ട് ഒന്നര നൂറ്റാണ്ടായല്ലോ
സുർക്കി തീർക്കും സുരക്ഷിത വലയം
ഒലിച്ചു പോകുന്നതെപ്പോഴെന്നറിയില്ല
ഒലിച്ചു പോകില്ലെന്നു ഭരണകൂടം
ക്ഷയമില്ലെന്നു വിധികർത്താക്കൾ
മേൽനോട്ട സമിതികൾ നിരവധിയല്ലൊ
ഹാ! എത്ര കഷ്ടം നമ്മുടെ ദിനരാത്രങ്ങൾ
മൺസൂൺ മഴമേഘങ്ങൾ മാനത്തണയുമ്പോൾ
മനസ്സിൽ ഭയത്തിന്റെ പെരുമഴക്കാലം
പെരിയാറിൻ കര ചെങ്കടലാകും
മൂന്നു പുഴയും ഊരും മംഗലവും
ആകാശത്താവളവും മാലിയും പൂരത്തിൻ നാടും
കിഴക്കിൻ വെനീസും അക്ഷര നഗരിയും
സന്ധിക്കും ദിനം അകലെയല്ല
റാണിയെ ദർശിക്കാം ഇനി അറബിക്കടലിൽ
വിലപിക്കാൻ പോലും കഴിയാതെ
സജ്ജനങ്ങളുടെ നിർഗ്ഗമനം വരും
ആരുണ്ട് കാണാനീ ദു:ഖം
ആരുണ്ട് കേൾക്കാനീ ദു:ഖം
പ്രതിഷേധ ശബ്ദങ്ങൾ പുരയിലൊതുങ്ങുന്നു
മർത്യ കുലമേ നീ മരണത്തിൻ വക്കിൽ

പിൻകുറിപ്പ് : ഏക 2021 പദ്ധതി പ്രകാരം രണ്ട് നർത്തകിമാർ ചേർന്ന് നൃത്തവൽക്കരിച്ച കവിത , സമയം 9 മിനിട്ട്

***********

ഓം ശ്രീ ഗണപതയേ നമ:

## കൊറോണ

കൊറോണയാണെന്റെ ശത്രു
എന്റെ യുദ്ധം കൊറോണയോടാണ്
ബന്ധുക്കൾ എനിക്ക് ശത്രുക്കളല്ല
കൊറോണ എന്റെ ബന്ധുവുമല്ല

മുഖപുസ്തകത്തിൽ പോരടിക്കുന്ന
സജ്ജനങ്ങൾ എനിക്ക് ശത്രുവല്ല
കൂട്ടുകാരെ നിങ്ങൾ പാലിക്കുന്നു അകലം
എങ്കിലും നിങ്ങളെൻ കൂട്ടുകാർ തന്നെ

കൊറോണയെത്തുരത്താൻ വോട്ടു നീട്ടിയില്ല
എങ്കിലും ഇ കമ്മീഷൻ എന്റെ ശത്രുവല്ല
വോട്ടിടാതെ ഞാൻ അകലം പാലിച്ചു
ഒരു വർഷ ക്വാറന്റെയിൻ എനിക്ക് ബാലികേറാമലയല്ല

കൊറോണ നീ അമേരിക്കയെ അകാലമാക്കി
സൂര്യനസ്തമിക്കാത്ത ധരണിയേയും
ഭരത ധാത്രിയേയും നീ അന്ധസ്സാക്കി
ഇപ്പോഴും നീ എന്റെ ശത്രു തന്നെ

നാട്ടിലും  വീട്ടിലും ഞാൻ അകലം പാലിക്കും
മുഖാവരണം എനിക്കനാവശ്യമല്ല
പരാധിയിൽ ചിഹനനം നിനക്കാനന്ദമാണ്
തുരത്തണം നിരത്തണം അതു മാത്രമാണെൻ ദൗത്യം

***********

ഓം ശ്രീ ഗണപതയേ നമ:

## പ്രളയക്കാഴ്ചകൾ

പ്രളയം പ്രളയം സർവ്വത്ര പ്രളയം
റോഡിലും പ്രളയം തോട്ടിലും പ്രളയം
നാട്ടിലും പ്രളയം  വീട്ടിലും പ്രളയം
കേരളമാകെ പ്രളയം

വൈദ്യുതിയില്ല വെളിച്ചമില്ല
ഫേസ്ബുക്കില്ലാ വാട്സാപ്പുമില്ലാ
സെൽഫിക്കാരുടെ പ്രളയവുമില്ല
ടവറുകളെല്ലാം നിശ്ചലമായി

ഒറ്റപ്പെടുന്നവർ ഓടി ഒളിക്കുന്നവർ
ക്യാമ്പിലകപ്പെട്ട് നട്ടം തിരിയുന്നവർ
മുതലാളിയും തൊഴിലാളിയും സമരസപ്പെട്ടു
ഡോക്ടറും രോഗിയും ക്യാമ്പിലായി

ക്യാമ്പുകൾ ക്യാമ്പുകൾ സർവ്വത്ര ക്യാമ്പുകൾ
സോഷ്യലിസത്തിന്റെ മാതൃകാ നാളുകൾ
വെള്ളം വെള്ളം സർവ്വത്ര വെള്ളം
നല്ലൊരു തുള്ളി എവിടെയുമില്ല

തോടുകൾ നിരത്തി വയലുകൾ മൂടി
വെള്ളത്തിൻ ഗമനം വഴിതെറ്റിയായി
മരങ്ങൾ വെട്ടി കെട്ടിടം പൊക്കി
വനത്തിന്റെ ദു:ഖം ആരറിയാൻ

അദ്വൈതത്തിൻ നാട്ടിനകത്ത്
ബോട്ടുകളില്ല പോട്ടുകളുണ്ട്
പോട്ടുകളെല്ലാം ബോട്ടുകളാക്കി
ഒറ്റപ്പെട്ടവർ രക്ഷപ്പെട്ടു.

മേളം മേളം അടി മേളം
പഞ്ചായത്തിൽ അടി മേളം
വേണം വേണം പുതിയൊരു മേളം
നവസൃഷ്ടിയുടെ കേരള മേളം

***********

# പശ്ചാത്തല വായന
## മന്നത്ത് ആചാര്യൻ

1. എൻ.എസ്.എസ്.ന്റെ സ്ഥാപകനായ മന്നത്തു പത്മനാഭന് പ്രഥമ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് ഭാരത കേസരി പട്ടം നല്കി ആദരിച്ചു.
2. വൈക്കം, ഗുരുവായൂർ സത്യാഗ്രഹത്തിന് നേതൃത്വം കൊടുക്കുക വഴി അയിത്തമില്ലാത്തൊരു ഭാരത ഭൂമിക്കായി പ്രവർത്തിച്ചു. ക്ഷേത്ര പ്രവേശനം എല്ലാ ജാതിക്കാർക്കും എളുപ്പമാക്കിയതിൽ മന്നത്ത് പത്മനാഭന്റെ സ്വാധീനം വലുതായിരുന്നു.
3.ഗുരുവായൂരിനെ കൈരളിയാക്കി എന്ന പ്രയോഗം പ്രതീകാത്മക മാണ്. എല്ലാ ജാതിക്കാർക്കും ക്ഷേത്ര പ്രവേശനം സാദ്ധ്യാമാകുക വഴി ഗുരുപവനപുരി യഥാർത്ഥ കേരളമായി (കൈരളി) മാറി.
4.പിടിയരി ഉൽപ്പെടെയുള്ള ഉൽപ്പന്ന പിരിവു കൊണ്ടാണ് വിദ്യാഭ്യാസ സ്ഥാപ നങ്ങളും ക്ഷേമ പ്രവർത്തനങ്ങളും നടത്തുവാൻ മന്നത്ത് ആചാര്യന് സാധിച്ചത്.
5.തന്റെ പേരിനോടൊപ്പമുള്ള ' പിള്ള' നീക്കം ചെയ്ത് മാതൃകയായ ആചാര്യനായിരുന്നു മന്നത്തു പത്മനാഭൻ.
7.പണ്ഡിറ്റ് മദൻ മോഹൻ മാളവ്യ ദേശീയതലത്തിൽ ചെയ്ത പ്രവർത്തനമാണ് കേരളത്തിൽ മന്നത്ത് പത്മനാഭൻ ചെയ്തത്. കേര ളത്തിന്റെ മദൻ മോഹൻ മാളവ്യയാണ് മന്നത്തു പത്മനാഭനെന്ന് സർദാർ കെ.എം.പണിക്കർ അഭിസംബോധന ചെയ്തത് ശ്രദ്ധേയ മാണ്.

### അയ്യന്റെ യാത്ര

സുതൻ - പുത്രൻ

സൂതൻ- സൂര്യൻ

| | |
|---|---|
| സാധുജന പരിപാലന സംഘം | - ആയിരത്തി തൊണ്ണൂറ്റി ഏഴാമാണ്ടിൽ മഹാത്മാ അയ്യങ്കാളി ആരംഭിച്ച പ്രസ്ഥാനം |
| സാധുജന പരിപാലിനി - | അധ: സ്ഥിതരുടെ പ്രഥമ പത്രം |
| തൊണ്ണൂറാമാണ്ട് സമരം - | മലയാള വർഷം ആയിരത്തി തൊണ്ണൂറാമാണ്ടിൽ അയ്യങ്കാളി നേതൃത്വം കൊടുത്ത സമരങ്ങൾ |
| കല്ലുമാല സമരം - | താഴ്ന്ന ജാതിക്കാരുടെ അടയാള മായ കല്ലയും വളയും അറുത്തു കളഞ്ഞ് നടത്തിയ സമരം |

ഭാരതത്തിന്റെ മഹാനായ പുത്രൻ - മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി അയ്യങ്കാളിയെ വിശേഷിപ്പിച്ചത്.

പുലയരുടെ രാജാവ് - മഹാത്മാ ഗാന്ധി അയ്യങ്കാളിയെ വിശേഷിപ്പിച്ചത്

വില്ലുവണ്ടി യാത്ര - രാജവീഥികളെ പൊതുവീഥി-കളാക്കിയ ചരിത്ര സംഭവം അയ്യങ്കാളി വെങ്ങാനൂരിൽ നിന്ന് കവടിയാറിലേക്ക് നടത്തിയ വില്ലുവണ്ടി യാത്ര

## കർമ്മയോഗി

1. ശ്രീശങ്കര ജന്മ ദേശത്തെ ലോക പ്രശസ്തമാക്കണം എന്ന ലക്ഷ്യത്തോടെ ആഗമാനന്ദ സ്വാമികൾ കാലടിയിൽ വന്നു. ആദ്യം ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം ആരംഭിച്ചു. (ശ്രീശങ്കര ജയന്തി ദിനത്തിൽ)
2. ബ്രഹ്മാനന്ദോദയം സ്കൂൾ, ശ്രീശങ്കരാ കോളേജ്, ട്രൈബൽ ഹോസ്റ്റൽ തുടങ്ങിയ സ്ഥാപനങ്ങളും ആരംഭിച്ചു.
3. അധ:സ്ഥിതരുടെ മോചനത്തിനായി സമാനതകളില്ലാതെ പ്രവർത്തിച്ചു.
4. ജാതി വ്യത്യാസം വേദങ്ങളിൽ പറയുന്നില്ലായെന്ന് തന്റെ വാക്കുകൾ കൊണ്ടും പ്രവർത്തികൾ കൊണ്ടും സമർത്ഥിച്ചു.
5. അധ: സ്ഥിതരായ വിദ്യാർത്ഥികൾക്ക് ആശയും ആവേശവും നല്കി. കാലിയെ മേച്ചുനടന്ന കൊച്ചു കുഞ്ഞിനെ പഠിപ്പിച്ച് കാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർ വരെയാക്കി. സമാനതയില്ലാത്ത ഒരു സാമൂഹിക പരിഷ്കരണ പ്രവർത്തനമായിരുന്നു ഇത്. പലരെയും ഉന്നത സ്ഥാനങ്ങളിൽ എത്തിക്കുകയും ചെയ്തു.
6. ക്ഷേത്ര പ്രവേശന വിളംബരത്തിന് സ്വാമിജിയുടെ പ്രഭാഷണങ്ങൾ ചാലക ശക്തിയായി മാറി.
7. ഇണ്ടൻ തുരുത്തി നമ്പ്യാതിരിയുടെ പൊള്ളയായ വാദം യുക്തി സഹിതം നിരാകരിച്ച് മഹാത്മാ ഗാന്ധിയുടെ അഭിനന്ദനത്തിന് പാത്രീഭൂതനായി. ശാങ്കരസ്മൃതി ശ്രീശങ്കരൻ എഴുതിയ കൃതിയ-ല്ലെന്നും അവർണ്ണൻ ക്ഷേത്രത്തിൽ കയറുന്നതിനെ ശ്രീശങ്കരൻ വിലക്കിയിട്ടില്ലായെന്നും വാദമുഖങ്ങൾ നിരത്തി സ്വാമിജി സ്ഥാപിച്ചു.

8.അധ:സ്ഥിതരെ പൂജയും തന്ത്രവും പഠിപ്പിച്ച് ശ്രീരാമകൃഷ്ണ അദ്വൈതാശ്രമത്തിലെ പൂജാരികളാക്കിയത് വലിയ സാമൂഹിക വിപ്ല വമായിരുന്നു.

9.സംസ്കൃത ഭാഷ പ്രചരിപ്പിക്കുവാൻ സ്വാമിജി മുൻകൈ എടുത്തു. ശ്രീരാമകൃഷ്ണ അദ്വൈതാശ്രമത്തെ കലയുടെ ഒരു സംഗമ വേദി യാക്കി മാറ്റി. ശ്രീശങ്കരപ്പാലത്തിന്റെ നിർമ്മാണം, സ്വാമിജിയുടെ വിക സന വീക്ഷണത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

## ചിന്മുദ്ര

1. വളരെയധികം പ്രാധാന്യമുള്ള യോഗ മുദ്രയാണ് ചിന്മുദ്ര. പരമാത്മ ബോധമുണർത്തുന്ന മുദ്രയാണ് ഇത്.

2.ചിന്മുദ്രയുടെ ശാസ്ത്രീയത വിവേകാനന്ദ സ്വാമികളെ ധരിപ്പിച്ച് അദ്ദേഹത്തിന്റെ അഭിനന്ദനത്തിന് പാത്രിഭൂതനാകുവാൻ ചട്ടമ്പി സ്വാമിക്ക് കഴിഞ്ഞു. ഭാരതം മുഴുവൻ സഞ്ചരിച്ച തനിക്ക് ചിന്മുദ്ര യുടെ ശാസ്ത്രീയമായ വിശകലനം നല്കിയത് മലബാറിലെ ചട്ടമ്പിസ്വാമിയാണെന്ന് വിവേകാനന്ദ സ്വാമികൾ പറഞ്ഞു.

3. ശബരിമലയിൽ അയ്യപ്പസ്വാമി ചിന്മുദ്രയിലാണ് ഇരിക്കുന്നത്.

4. ചിന്മുദ്ര ജീവാത്മ പരമാത്മ ബന്ധം വ്യക്തമാക്കുന്ന ഒന്നാണ്. ഈശ്വ രനും മനുഷ്യനും ഏകാമാകുന്ന സച്ചിദാനന്ദ അവസ്ഥയാണ് ചിന്മു ദ്രയിലൂടെ കൈവരുന്നത്.

5.മാലയിട്ട്, കറുത്ത വസ്ത്രം ധരിച്ച്, ഇരുമുടിക്കെട്ടും ഏന്തി, എരു മേലിയിൽ പേട്ട തുള്ളി, ശരംകുത്തിയിൽ ശരം തറച്ച്, പതിനെട്ടു പടി കയറുമ്പോൾ, നാം ശരീര ചിന്ത വെടിഞ്ഞ് ആത്മ ബോധത്തി ലേക്ക് അടുക്കുകയാണ്. ഈ അവസ്ഥയാണ് തത്വമസി. അത് നീയാ കുന്നു. നാല്പത്തി ഒന്ന് ദിവസം വ്രതം അനുഷ്ഠിച്ച് ഏകത്വ ബോധം കൈവരുമ്പോൾ ശബരിമലയിൽ കുടികൊള്ളുന്ന അയ്യ പ്പൻ നമ്മൾ തന്നെയാണെന്നതിരിച്ചറിവ് നമുക്ക് ലഭിക്കും.

6.അയ്യപ്പ സ്വാമിയും, ശ്രീശങ്കരനും, ശ്രീനാരായണ ഗുരുദേവനും, ബുദ്ധനും മഹാവീരനും പരമാത്മ ബോധം പകർന്നു തന്ന പരമാ ത്മാക്കളാണ്.

7. ദുഷ്ചിന്തകളെ അകറ്റി സദ് ചിന്ത സൃഷ്ടിക്കുന്ന മുദ്രയാണ് ചിന്മുദ്ര.

8. ചൂണ്ടു വിരലും തള്ള വിരലും സംയോജിപ്പിച്ചാണ് ചിന്മുദ്ര പിടിക്കുന്നത്.

9. ഈ മുദ്ര പിറ്റൂട്ടറി ഗ്രന്ഥി, പീനിയൽ ഗ്രന്ഥി, ഹൈപ്പോതലാമസ് എന്നിവയെ പ്രർത്തന ക്ഷമമാക്കും. ഇവയുടെ പ്രഷർ പോയിന്റുകൾ തള്ള വിരലിലും ചൂണ്ടു വിരലിലുമാണ്.
10. ആചാര്യന്മാർ ധ്യാനത്തിലിരിക്കുന്നത് ഈ മുദ്രയിലാണ്.
11. പിറ്റൂട്ടറി ഗ്രന്ഥിയെ മാസ്റ്റർ ഗ്രന്ഥി എന്നു പറയുന്നതു പോലെ മുദ്രാ ശാസ്ത്രത്തിലെ മാസ്റ്റർ മുദ്രയാണ് ചിന്മുദ്ര.
12. വ്യാകുലതയെ അകറ്റി ഏകാഗ്രത ലഭിക്കുവാൻ ചിന്മുദ്ര ഏറ്റവും അനുയോജ്യമാണ്. തലവേദന, മാനസിക സമ്മർദ്ദം, ഉറക്കമില്ലായ്മ, തുടങ്ങിയ നിരവധി ബുദ്ധിമുട്ടുകൾക്ക് ഈ മുദ്ര ഏറെ ഗുണം ചെയ്യും.
13. തലച്ചോറിൽ അനുയോജ്യമായ തരംഗങ്ങൾ സൃഷ്ടിച്ച് മനസ്സിനേയും ബുദ്ധിയേയും വേണ്ട വിധം സംയോജിപ്പിക്കുയാണ് ചിന്മുദ്ര ചെയ്യുന്നത്.
14. ചൂണ്ട് വിരൽ ജീവാത്മാവിനേയും തള്ള വിരൽ ബ്രഹ്മത്തേയും സൂചിപ്പിക്കുന്നു. ജീവാത്മാവ്(ചൂണ്ടു വിരൽ) ഈശ്വരനിൽ (തള്ള വിരൽ) ചേരുമ്പോൾ മനുഷ്യന്റെ അഹംഭാവം നശിച്ച സച്ചിദാനന്ദ സ്വരൂപമാകുന്നു. (പ്രതീകാത്മകമായി)

## തീർത്ഥാടനം

1. പതിതർ എന്ന വാക്ക് സംസ്കൃതത്തിൽ നിന്ന് എടുത്തതാണ്. സ്വധർമ്മം വിട്ട് അന്യ ധർമ്മത്തെ സ്വീകരിക്കുന്നവരാണ് പതിതർ

2. ഗാന്ധിജി സ്വപ്നം കണ്ട രാമ രാജ്യം പട്ടിണിയില്ലാത്ത സ്വയം പര്യാപ്തമായ രാജ്യമാണ്. സ്ത്രീകളെ ബഹുമാനിക്കുന്ന രാജ്യമാണ് രാമരാജ്യം. സ്ത്രീ - പുരുഷ സമത്വം രാമ രാജ്യത്തിന്റെ അടിസ്ഥാന തത്വമാണ്.

3. ആഗോള തലത്തിൽ നാം നേരിടുന്ന പ്രശ്നങ്ങളായ അക്രമം, അഴിമതി, തീവ്രവാദം, വർഗ്ഗീയത, മദ്യാസക്തി എന്നിവയെ അഭിസംബോധന ചെയ്യുന്ന വടക്കു നിന്ന് (പഴനി) കിഴക്കു ദിക്കിലേക്കുള്ള (നെല്ലിക്കുഴി) തീർത്ഥാടനമാണ് നെല്ലിക്കുഴി തീർത്ഥാടനം.
4. പഞ്ചശുദ്ധി (വാക് ശുദ്ധി, കർമ്മ ശുദ്ധി, മന:ശുദ്ധി, ആഹാര ശുദ്ധി, ശരീര ശുദ്ധി) വരുത്തിയാണ് തീർത്ഥാടനത്തിൽ പങ്കെടുക്കുന്നത്.
5. നവോത്ഥാന നായക ദർശനങ്ങൾ പ്രചരപ്പിച്ചാണ് തീർത്ഥാടനം

നടത്തുന്നത്.

6. ശിവഗിരി തീർത്ഥാടനത്തിന്റെ അടിസ്ഥാന തത്വങ്ങൾ സംയോജിപ്പിച്ച് കാലിക സാമൂഹിക വിഷയങ്ങൾ കൂടി അഭിസംബോധന ചെയ്യുന്ന മാതൃകാ തീർത്ഥാടനമാണ് നെല്ലിക്കുഴി തീർത്ഥാടനം.

### എ.കെ.ജി.

1. കേരള നവോത്ഥാന ചരിത്രത്തിലെ വെള്ളി നക്ഷത്രമാണ് എ.കെ. ജി. പാവങ്ങളുടെ പടത്തലവൻ എന്നറിയപ്പെടുന്ന എ.കെ.ജി. (ആയില്യത്ത് കുറ്റിയേരി ഗോപാലൻ) സ്വാതന്ത്ര്യ സമര സേനാനി, നവോത്ഥാന നായകൻ, അദ്ധ്യാപകൻ, സമര നായകൻ, പ്രഥമ പാർലമെന്റ് പ്രതിപക്ഷ നേതാവ്, രാഷ്ട്രീയ നേതാവ്, തൊഴിലാളി നേതാവ് എന്നീ നിലകളിൽ പ്രശസ്തനായിരുന്നു.
2. ജനനം 1904 ഒക്ടോബർ ഒന്നിന് കണ്ണൂർ ജില്ലയിലെ മാവിലായിക്കടുത്തുള്ള മക്രേരി ഗ്രാമം
3. സ്വന്തം തറവാട്ടിൽ നിന്നാണ് അദ്ദേഹം ആദ്യ സമരം നടത്തിയത്. തറവാട്ടിൽ നിന്നും അമ്മക്കും കുടുംബാംഗങ്ങൾക്കും ലഭിക്കേണ്ട വിഹിതം നല്കാതിരുന്ന കാരണവർക്കെതിരെ ആദ്യ സമരം. ഒടുവിൽ കാരണവർ വിഹിതം നല്കി.
4. തുടർന്ന് അവർണ്ണർക്ക് വഴി നടക്കാൻ വേണ്ടിയാണ് സമരം തുടങ്ങിയത്. സ്വാതന്ത്ര സമരത്തിൽ സജീവമായി പങ്കെടുത്തു. ജന്മിത്വത്തിനെതിരെ സന്ധിയില്ലാ സമരം. കുടിയാന്മാർ, കർഷക തൊഴിലാളികൾ, കുടിയിറക്കപ്പെട്ടവർ, സാധാരണക്കാർ എന്നിവർക്കു വേണ്ടി നിരവധി സമരങ്ങൾ സംഘടിപ്പിച്ചു.
5. ഏഴു വർഷക്കാലം അദ്ധ്യാപകനായിരുന്നു. മാതൃഭാഷയെ ഏറെ സ്നേഹിച്ചിരുന്നു. ചങ്ങമ്പുഴയുടെ വാഴക്കുലയിലെ മലയപ്പുലയന്റെ സ്വപ്നവും ആശാൻ കവിതയിലെ ആശയങ്ങളും വിദ്യാർത്ഥികളെ പഠിപ്പിച്ച് ആവേശഭരിതരാക്കി. പഠന കാലത്ത് 'മഞ്ഞക്കുപ്പായക്കാർ'എന്ന സംഘടനയിൽ പ്രവർത്തിച്ച് സാമൂഹിക പ്രവർത്തനത്തിന് നേതൃത്വം നല്കി. ' സഹോദര സംഘം ' എന്ന പ്രസ്ഥാനത്തിലും പ്രവർത്തിച്ചു. ഭഗവദ്ദൂത് എന്ന നാടകത്തിൽ കൃഷ്ണനായും പാട്ടബാക്കി എന്ന നാടകത്തിൽ നടനായും അരങ്ങിൽ വന്നു.
6. കെ.കേളപ്പന്റെ വ്യക്തി പ്രഭാവത്തിൽ ആകൃഷ്ടനായി സ്വാതന്ത്ര സമരത്തിൽ പങ്കെടുക്കുവാൻ അദ്ധ്യാപന ജോലി രാജി വെച്ചു.

ദണ്ഡി യാത്രക്കു സമാനമായി കേരളത്തിൽ പയ്യന്നൂരിലേക്ക് കെ. കേളപ്പൻ നയിച്ച ഉപ്പു സത്യാഗ്രഹ ജാഥയിൽ എ.കെ.ജി.യും സജീവമായി പങ്കെടുത്തു. നിയമ ലംഘന പ്രസ്ഥാനത്തിൽ അണിചേർന്നായിരുന്നു സ്വാതന്ത്ര സമരത്തിലെ പ്രഥമ പങ്കാളിത്തം. ഭാരത മാതാവിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി കോഴിക്കോട് കടപ്പുറത്ത് നിയമ ലംഘനം നടത്തിയതിന് ആറ് മാസത്തെ ജയിൽ ശിക്ഷക്ക് വിധിച്ചു.

7. അയിത്തം നിലനിന്നിരുന്ന കാലം. ശ്രീനാരാണ ഗുരുദേവന്റെ ചിന്തകൾ നാട്ടിൽ ശക്തിപ്പെട്ടു വന്ന സമയം. അയിത്തോച്ചാടന പ്രചാരണത്തിന്റേയും ഗുരുവായർ സത്യഗ്രഹത്തിന്റേയും ഭാഗമായി പയ്യന്നൂരിൽ പ്രകടനവും പൊതുയോഗവും നടത്തുവാൻ എ.കെ.ജി. തീരുമാനിച്ചു. പയ്യന്നൂരിലെ കണ്ടോത്ത് ക്ഷേത്രത്തോട് ചേർന്നുള്ള റോഡിലൂടെ പോകാൻ ഹരിജനങ്ങൾക്ക് അവകാശം ഉണ്ടായിരുന്നില്ല. ഇതിനെതിരെ എ.കെ.ജി. ജാഥ നയിച്ചു. കെ.കേരളീയനും ഉണ്ടായിരുന്നു. എ.കെ.ജി.ക്കും കൂട്ടർക്കും ഗുണ്ടകളിൽ നിന്ന് ആക്രമണം ഉണ്ടായി. ഒടുവിൽ റോഡിലൂടെ യാത്ര ചെയ്യുവാനുള്ള അവകാശം ലഭിച്ചു.

8. സാമൂഹിക നീതിക്കും സാധാരണക്കാരുടെ അവകാശങ്ങൾക്കും വേണ്ടി ഏറ്റവും കൂടുതൽ ജാഥ നയിച്ചത് എ.കെ.ജി.യായിരുന്നു. വഴിനടക്കാൻ, അവർണ്ണർക്ക് ക്ഷേത്ര പ്രവേശനത്തിന്, ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിന്, കർഷകരുടേയും തൊഴിലാളികളുടേയും അവകാശങ്ങൾക്കു വേണ്ടിയെല്ലാം എ.കെ.ജി. ജാഥ നയിച്ചു. ആയിരത്തി തൊള്ളായിരത്തി മുപ്പത്തി ഒന്നാമാണ്ട് നവംബർ ഒന്നിന് ഗുരുവായൂർ ക്ഷേത്ര പ്രവേശന സത്യഗ്രഹം തുടങ്ങി. സത്യഗ്രഹത്തിന്റെ പ്രചരണാർത്ഥം പയ്യന്നൂരിൽ നിന്ന് ഗുരുവായൂരലേക്ക് ക്ഷേത്ര പ്രവേശന ജാഥ നയിച്ചു.സത്യഗ്രഹം പത്തു മാസം പിന്നിട്ടു. കെ.കേളപ്പൻ ഉപവാസ സമരം തുടങ്ങി. എ.കെ.ജി.യും പങ്കു ചേർന്നു. അവസാനം ഗാന്ധിജിയുടെ അറിയിപ്പ് വന്നു. സമരം നിർത്തി വെക്കാൻ. കേളപ്പനും എ.കെ.ജി.യും അവശരായിരുന്നു. ഈ സമരം പ്രത്യക്ഷമായി വിജയിച്ചില്ലെങ്കിലും ക്ഷേത്ര പ്രവേശന വിളംബര പ്രഖ്യാപനത്തിന് ഇത് ചാലക ശക്തിയായി.

9. എ.കെ.ജി. കൂടുതൽ പ്രവർത്തിച്ചതും കർഷകർക്കും തൊഴിലാളികൾക്കിടയിലുമാണ്. കർഷകരുടെ അവസ്ഥ ദയനീയമായിരുന്നു. ജന്മിമാർക്ക് പലതരം നികുതികൾ കൊടുക്കണം. തൊഴിലാളികൾക്ക് വളരെ കുറഞ്ഞ കൂലി. കർഷകരുടെ അവസ്ഥ ചങ്ങമ്പുഴയുടെ

വാഴക്കുല എന്ന കവിതയിലൂടെ എ.കെ.ജി. വിശദീകരിക്കുമായിരുന്നു. മലയപ്പുലൻ തന്റെ വീട്ടു മുറ്റത്ത് ഒരു വാഴ നട്ടു. അതു കുലച്ചു. മക്കൾ അത് തിന്നാൻ കൊതിയോടെ കാത്തു നിന്നു. പക്ഷെ ആ വാഴക്കുല തമ്പുരാന് കൊടുക്കേണ്ട ദുരവസ്ഥ വന്നു. ഇതായിരുന്നു കർഷകരുടെ പൊതു അവസ്ഥ. ഇതിനെതിരെ എ.കെ.ജി. ശക്തിയായി പ്രതിഷേധ സമരങ്ങൾ നടത്തി.

10. എ.കെ.ജി.യുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളിൽ ഒന്നായിരുന്നു പട്ടിണി ജാഥ. പട്ടിണിയും തൊഴിലില്ലായ്മയുമാണ് പ്രധാന പ്രശ്നങ്ങളെന്ന് എ.കെ.ജി. മനസ്സിലാക്കി. തലശ്ശേരി കളക്ടറുടെ അടുത്തേക്ക് എ.കെ.ജി. പട്ടിണി ജാഥ നടത്തി. കല്യാശ്ശേരിയിൽ നിന്ന് കെ.പി.ആർ.ഗോപാലന്റെ നേതൃത്വത്തിൽ മറ്റൊരു ജാഥയും തലശ്ശേരിയിലേക്ക് പുറപ്പെട്ടു. കളക്ടറെ കണ്ട ശേഷം തലശ്ശേരി കടപ്പുറത്ത് വലിയ പൊതുയോഗംനടന്നു. ആ യോഗത്തിൽ വെച്ച് മദ്രാസിലേക്ക് പട്ടിണി ജാഥ നടത്തുവാൻ എ.കെ.ജി. തീരുമാനിച്ചു. ജാഥക്ക് വലിയ സ്വീകരണം ലഭിച്ചു. പിന്നീട് എ.കെ.ജി.യെ ജയിലിലടച്ചു.

11. കേരളത്തിൽ ഇത്രമാത്രം ജാഥ നയിച്ച എ.കെ.ജി.യെപ്പോലെ വേറെ ഒരു നേതാവ് ഉണ്ടാകില്ല. തൊഴിലാളികളെ സംഘടിപ്പിക്കുവാൻ എ.കെ.ജി.യും കൃഷ്ണ പിള്ളയും വലിയ പരിശ്രമങ്ങൾ നടത്തി. കൂലി കൂടുതൽ കിട്ടുന്നതിനു വേണ്ടി കോട്ടൺ മിൽ തൊഴിലാളികൾ എ.കെ.ജി.യുടെ നേതൃത്വത്തിൽ പണിമുടക്കി. തൊഴിലാളികളുടെ ഒപ്പം നിന്നും, ജീവിച്ചുമാണ് എ.കെ.ജി. സമരം ചെയ്തത്. അക്കാലത്ത് ഭക്ഷണം കഴിക്കാൻ പോലും എ.കെ.ജി. ബുദ്ധിമുട്ടിയിട്ടുണ്ട്. ഇങ്ങനെ ത്യാഗം സഹിച്ച് പ്രവർത്തിച്ചാണ് എ.കെ.ജി. പാവങ്ങളുടെ പടത്തലവനായത്.

12. ആയിരത്തി തൊള്ളായിരത്തി മുപ്പത്തിയേഴ് -മുപ്പത്തിയെട്ട് കാലത്ത് തിരുവിതാംകൂറിൽ ഉത്തരവാദിത്വ ഭരണത്തിനു വേണ്ടി പ്രക്ഷോഭം ആരംഭിച്ചു. ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ മുഖ്യ ഉപദേശകനായിരുന്ന സർ സി.പി.രാമസ്വാമിയുടെ ദുർനയത്തിനെതിരായിരുന്നു ജനങ്ങൾ സംഘടിച്ചത്. ജനാധിപത്യ ഭരണം സ്ഥാപിക്കുവാൻ എ.കെ.ജി. മലബാറിൽ നിന്ന് തിരുവിതാംകൂറിലേക്ക് ജാഥ നയിച്ചു. ആലുവ കഴിഞ്ഞപ്പോൾ അധികാരികൾ ജാഥ തടഞ്ഞു. എ.കെ.ജി.യെ പെരുമ്പാവൂർ ലോക്കപ്പിലിട്ടു. കൊടിയ പീഠനം അനുഭവിച്ചു.

13. കോൺഗ്രസ്സുകാരനായിട്ടാണ് എ.കെ.ജി. രാഷ്ട്രീയത്തിലിറങ്ങിയത്. പിന്നീട് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചു. ശേഷം കമ്മ്യൂണിസ്റ്റായി മാറി. കണ്ണൂർ ജില്ലയിലെ പാറപ്രത്ത് കമ്മ്യൂണിസ്റ്റ് രൂപീകരണ യോഗത്തിൽ എ.കെ.ജി.യും പങ്കെടുത്തു. പി.കൃഷ്ണ പിള്ളയാണ് യോഗം വിളിച്ചു കൂട്ടാൻ മുൻകൈ എടുത്തത്. കെ.പി. ഗോപാലന്റെ അദ്ധ്യക്ഷതയിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപാന്തരപ്പെട്ട സമ്മേളനം. കൃഷ്ണപിള്ള പ്രധാനമായും സംസാരിച്ചു. ഇ.എം.എസും പ്രസംഗിച്ചു. സംഘടനാ രൂപീകരണം രഹസ്യമായിരുന്നു. ആയിരത്തി തൊള്ളായിരത്തി നാല്പതാമാണ്ട്, ജനുവരി ഇരുപത്തി ആറിന് നാടാകെ ചുമരെഴുത്തു വന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രൂപീകരണം ജനങ്ങൾ അറിഞ്ഞു.

14. വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും നവോത്ഥാന നായകനായ ആഗമാനന്ദ സ്വാമികളുടെ നേതൃത്വപരമായ പങ്കുണ്ടായിരുന്നു. (കാലടി ശ്രീരാമകൃഷ്ണ അദ്വൈതാശ്രമത്തിന്റെ സ്ഥാപകൻ) സ്വാമിജിയുടെ പ്രസംഗം ക്ഷേത്ര പ്രവേശന വിളംബരത്തിന് ചാലക ശക്തിയായി പ്രവർത്തിച്ചിരുന്നു.ആഗമാനന്ദ സ്വാമികളുടെ പ്രസംഗം തനിക്ക് അത്യന്തം ആവേശം നല്കിയതായി എ.കെ.ജി. തന്റെ ആത്മകഥയിൽ അനുസ്മരിക്കുന്നുണ്ട്. കാലടി ആശ്രമത്തിലെത്തി സ്വാമിയുമായുള്ള ആത്മബന്ധം നിലനിർത്തുവാനും എ.കെ.ജി. സമയം കണ്ടെത്തിയിരുന്നു.

15. ആയിരത്തി തൊള്ളായിരത്തി നാല്പത്തേഴാമാണ്ടിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് രാഷ്ട്രീയത്തടവുകാരെയെല്ലാം മോചിപ്പിച്ചെങ്കിലും എ.കെ.ജി.യെ മാത്രം മോചിപ്പിച്ചില്ല.അദ്ദേഹത്തിന്റെ കൂടി പ്രയത്നം കൊണ്ടാണ് സ്വാതന്ത്ര്യം കിട്ടിയത്. ഇതോർത്തപ്പോൾ അദ്ദേഹത്തിന് രാത്രി ഉറക്കം വന്നില്ല. ജയിലിൽ അദ്ദേഹം പ്രതിഷേധം തുടർന്നു. കരുതൽ തടങ്കൽ പ്രകാരം അറസ്റ്റു ചെയ്ത ആദ്യത്തെ വ്യക്തിയായിരുന്നു എ.കെ.ജി. ഇതിനെതിരെ സുപ്രീ കോടതിയിൽ പോയി. അനുകൂല വിധിയുണ്ടായില്ല. മദ്രാസ് ഹൈക്കോടതി ആയിരത്തി തൊള്ളായിരത്തി അൻപത്തി ഒന്നിൽ അദ്ദേഹത്തെ മോചിപ്പിച്ചു (റിട്ട് ഹർജിയിലൂടെ) .

16. എ.കെ.ജി.യുടെ ജീവിതത്തിലെ മറക്കാനാവാത്ത ഒരു സംഭവമാണ് അമരാവതിയിലെ നിരാഹാര സമരം. പട്ടം താണു പിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്ത് ജല വൈദ്യുത പദ്ധതിക്കു വേണ്ടി അയ്യപ്പൻ കോവിലിലെ ആയിരത്തി എഴുന്നൂറ് കുടുംബങ്ങളെ

അമരാവതിയിലേക്ക് കുടിയൊഴുപ്പിച്ചു. യാതൊരു സൗകര്യങ്ങളുമില്ലാത്ത അമരാവതിയിലെ ഈ കുടുംബങ്ങളുടെ ജീവിതം അത്യന്തം ദുരിതപൂർണ്ണമായിരുന്നു. കോരിച്ചൊരിയുന്ന മഴ, കൊടും തണുപ്പ്, കുടിലുകളിൽ ചെളിയും വെള്ളവും കൊണ്ട് ദുർഗന്ധം, മനുഷ്യനും മൃഗങ്ങളും ഒന്നിച്ചു കിടക്കുന്ന അന്തരീക്ഷം, ഗർഭിണികൾ, പ്രായമായ സ്ത്രീകൾ, ഇവർക്കെല്ലാം കഷ്ടപ്പാട് പ്രദാനം ചെയ്യുന്ന കുടിലുകൾ. എ.കെ.ജി. പാർലമെന്റിൽ നിന്ന് അമരവതിയിൽ എത്തി. ദുർഗന്ധം വമിക്കുന്ന കുടിലിൽ കിടന്ന് നിരാഹാര സമരം ആരംഭിച്ചു. നിർവാഹമില്ലാതെ സർക്കാർ എ.കെ.ജി.യുടെ ആവശ്യങ്ങൾ അംഗീകരിച്ചു.

17. കുടികിടപ്പുകാരുടെ അവകാശങ്ങൾക്കു വേണ്ടി മിച്ചഭൂമി സമരത്തിന് എ.കെ.ജി. നേതൃത്വം കൊടുത്തു. സമരത്തിന്റെ ഭാഗമായി ഭൂവുടമകൾ കൊടിയ മർദ്ദനം അഴിച്ച് വിട്ടു. ലക്ഷക്കണക്കിന് കുടികിടപ്പുകാർ സമരത്തിൽ പങ്കാളിയായി. കുടികിടപ്പുകാർക്ക് പത്തു സെന്റ് സ്ഥലം വീതം ലഭിച്ച് ഭൂമിയുടെ ഉടമസ്ഥരാകുന്ന ചരിത്ര സംഭവമായി മിച്ച ഭൂമി സമരം മാറി.

19. അടിയന്തിരാവസ്ഥയെ പല്ലും നഖവും ഉപയോഗിച്ച് എ.കെ.ജി. എതിർത്തു.

20. സഹകരണ പ്രസ്ഥാനത്തിന്റെ പിതാവും ഇന്ത്യൻ കോഫി ഹൗസിന്റെ സ്ഥാപകനായിരുന്നു.

21 ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി, തൊഴിലാളികൾ, പാവപ്പെട്ടവർ, അവർണ്ണർ എന്നിവരുടെ അവകാശങ്ങൾക്കു വേണ്ടി നിരവധി സമരങ്ങൾ, ജാഥകൾ, പ്രതിഷേധങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ച അദ്ദേഹം പതിനേഴ് വർഷക്കാലം ജയിൽ വാസം അനുഭവിച്ചു. അനാരോഗ്യം അദ്ദേഹത്തെ വേട്ടയാടി. എങ്കിലും ഭാരതത്തിൽ ഭാരം ചുമക്കുന്നവന്റേയും ഇടത്തരക്കാരുടേയും പാവപ്പെട്ടവരുടേയും അധികാരം വരുമെന്ന് അദ്ദേഹം സ്വപ്നം കണ്ടു. ആയിരത്തി തൊളളായിരത്തി എഴുപത്തേഴ് മാർച്ച് ഇരുപത്തി രണ്ടിന് അന്തരിച്ചു.

## അരുവിപ്പുറം പ്രതിഷ്ഠ

1. ആയിരത്തി എണ്ണൂറ്റി എൺപത്തിയെട്ടാമാണ്ടിലാണ് ശ്രീനാരായണ ഗുരുദേവൻ പ്രശസ്തമായ അരുവിപ്പുറം പ്രതിഷ്ഠ നടത്തിയത്.
2. അരുവിപ്പുറം പ്രതിഷ്ഠ വലിയൊരു സാമൂഹിക വിപ്ലവമായിരുന്നു.

3. ഈഴവർ ഉൾപ്പെടെയുള്ള അവർണ്ണർക്ക് ശിവ പ്രതിഷ്ഠ നടത്തുവാനും ശിവാരാധന നടത്തുവാനും അവകാശമില്ലാതിരുന്ന കാലത്ത് നടത്തിയ പ്രതിഷ്ഠ എന്നതാണ് അരുവിപ്പുറം പ്രതിഷ്ഠയെ പ്രശസ്തമാക്കുന്നത്.
4. ശിവരാത്രി നാളിൽ നെയ്യാറിലെ ശങ്കരൻകുഴിയിൽ മുങ്ങിയാണ് ഗുരുദേവൻ ശിവലിംഗം എടുത്ത് അരുവിപ്പുറത്ത് പ്രതിഷ്ഠ നടത്തിയത്.
5. താഴ്ന്ന സമുദായക്കാർക്കും ശിവനെ പ്രതിഷ്ഠിക്കുവാൻ അവകാശമുണ്ടെന്ന് ലോകത്തോട് വിളംബരം ചെയ്യുന്ന മഹത്തായ നിശ്ശബ്ദ സാമൂഹിക വിപ്ലവമായിരുന്നു അരുവിപ്പുറം പ്രതിഷ്ഠ
6. അരുവിപ്പുറം പ്രതിഷ്ഠക്കു ശേഷം ലോകത്തിന് വലിയൊരു സന്ദേശം കൊടുക്കുന്ന “ ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത് ”എന്ന വാക്കുകളും ഗുരു എഴുതി വെച്ചു.
7. അരുവിപ്പുറവും അതുവഴി കേരളവും ഈ പ്രതിഷ്ഠ വഴി ലോകത്തിന് മാതൃകാ സ്ഥാനമായി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്..
8. ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ സമാരംഭം അരുവിപ്പുറത്തായിരുന്നു.

**ചട്ടമ്പിസ്വാമികൾ**

1. സാമൂഹിക പരിഷ്കർത്താവായ ചട്ടമ്പിസ്വാമികൾ, പേട്ടയിൽ രാമൻ പിള്ള ആശാന്റെ കീഴിൽ പഠിക്കുമ്പോൾ ക്ലാസ് ലീഡർ ആയിരുന്നു. ചട്ടങ്ങളെ നിയന്ത്രിക്കുന്നവൻ അല്ലെങ്കിൽ ക്ലാസ് ലീഡർ എന്ന അർത്ഥത്തിലാണ് ചട്ടമ്പി എന്ന പേരു വന്നത്.
2. സർവ്വകലാവല്ലഭനായിരുന്ന ചട്ടമ്പിസ്വാമികൾക്ക് നിരവധി അംഗീകാരങ്ങൾ ലഭിച്ചിരുന്നു. സർവ്വ വിദ്യാധിരാജ, ബാല ഭട്ടാരകൻ, ശ്രീഭട്ടാരകൻ, വിദ്യാധി രാജ, ഷൺമുഖ ദാസൻ എന്നിവ ചില ഉദാഹരണങ്ങളാണ്.
3. പരിപൂർണ്ണ കലാനിധി, സർവ്വജ്ഞനായ ഋഷി, സദ്ഗുരു, മഹാ പ്രഭു തുടങ്ങിയ പദങ്ങൾ കൊണ്ടാണ് ചട്ടമ്പിസ്വാമിയെ ശ്രീനാരായണ ഗുരുദേവൻ ചരമ ശ്ലോകത്തിൽ വിശേഷിപ്പിക്കുന്നത്.
4. വിദ്യയും വിത്തവുമുണ്ടെങ്കിൽ മാത്രമേ മനുഷ്യ പുരോഗതി സാദ്ധ്യമാകു എന്ന് സ്വാമിജി ഉദ്ഘോഷിച്ചിരുന്നു.
5. അയിത്തത്തിനെതിരെ ശക്തിയിയായി പ്രതികരിച്ച അദ്ദേഹം

അയിത്തത്തെ അറബിക്കടലിൽ താഴ്ത്തണമെന്ന് ആഹ്വാനം ചെയ്തു.

6. ജാതി വ്യവസ്ഥക്കെതിരെ പ്രവർത്തിച്ച അദ്ദേഹം താഴ്ന്ന സമുദായക്കാരുടെ ഭവനങ്ങൾ സന്ദർശിച്ചും അവരോടൊപ്പം ഭക്ഷണം കഴിച്ചും മാതൃക കാട്ടി.
7. സ്വാമിജി ക്ഷേത്രങ്ങളിലെ മൃഗബലിക്കെതിരായിരുന്നു. തിരുവിതാംകൂറിൽ മൃഗബലി നിരോധിക്കുവാൻ തീവ്രമായി പരിശ്രമിച്ചു.
8. സ്ത്രീ സമത്വത്തെ പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേകം താല്പര്യം കാണിച്ചിരുന്നു.
9. അഴിമതിക്കെതിരെ ശക്തമായ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്.
10. മദ്യപാനത്തിന് എതിരായി പ്രവർത്തിച്ചു.
11. സംസ്കൃത ഭാഷയെ പ്രോത്സാഹിപ്പിക്കുകയും താഴ്ന്ന സമുദായക്കാർക്കും ഈ ഭാഷ പ്രാപ്യമാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. വേദം എല്ലാ വിഭാഗക്കാരുടേയും ഗ്രന്ഥമാണെന്ന് അദ്ദേഹം ഉദ്ഘോഷിച്ചു.
12. ചിന്മുദ്രയുടെ ശാസ്ത്രീയത വിവേകാനന്ദ സ്വാമികളെ ധരിപ്പിച്ച് അദ്ദേഹത്തിന്റെ അഭിനന്ദനത്തിന് പാത്രിഭൂതനാകുവാൻ ചട്ടമ്പിസ്വാമിക്ക് കഴിഞ്ഞു. ഭാരതം മുഴുവൻ സഞ്ചരിച്ച തനിക്ക് ചിന്മുദ്രയുടെ ശാസ്ത്രീയമായ വിശകലനം നല്കിയത് മലബാറിലെ ചട്ടമ്പിസ്വാമിയാണെന്ന് വിവേകാനന്ദ സ്വാമികൾ പറഞ്ഞു.
13. ചെറുതും വലുതുമായ സകല ജിവികളോടും അനുകമ്പ വേണമെന്ന് സ്വാമിജി നമ്മെ പഠിപ്പിച്ചു. കുട്ടികളെ ഏറെ സ്നേഹിച്ചിരുന്ന സ്വാമിജി അവർക്ക് എപ്പോഴും സന്തോഷം പ്രദാനം ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.
14. ഗഞ്ചിറ സ്വാമിജിയുടെ ഇഷ്ട വാദ്യമായിരുന്നു. ഇതോടൊപ്പം നിരവധി സംഗീത ഉപകരണങ്ങൾ വായിക്കുന്നതിൽ നിപുണനായിരുന്നു സ്വാമിജി. നിരവധി കലകളിൽ നൈപുണ്യമുള്ള സ്വാമിജി പരിപൂർണ്ണ കലാനിധിയാണ്.
15. വസുദൈവ കുടുംബകം (ലോകമേ തറവാട്) എന്ന മഹത്തായ സന്ദേശമാണ് സ്വാമിജി പ്രചരിപ്പിച്ചത്.
16. നിരവധി ഭാഷകളിൽ പാണ്ഡിത്യമുള്ള സ്വാമിജി ഹഠയോഗം, യോഗ വിദ്യ എന്നിവയിൽ അഗാധ പാണ്ഡിത്യം നേടിയിട്ടുണ്ട്. നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. (വിവരണം അപൂർണ്ണം)

## പണ്ഡിറ്റ് കറുപ്പൻ

1. പണ്ഡിറ്റ് കെ.പി. കറുപ്പൻ പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗത്തിന്റെ മോചനത്തിനു വേണ്ടി പ്രവർത്തിച്ച സാമൂഹിക പരിഷ്കർത്താവായിരുന്നു.
2. കൊച്ചിയിലെ ചേരാനല്ലൂരിൽ ജനിച്ച അദ്ദേഹത്തിന്റെ ഭവനം സാഹിത്യ കുടീരം എന്ന പേരിലാണ് അറിയപ്പെടുന്നത്.
3. അരയ സമൂഹത്തിന്റെ മോചനത്തിനു വേണ്ടി പ്രവർത്തിച്ച അദ്ദേഹം നിരവധി ‘ സഭകൾ ’ സ്ഥാപിച്ച് കൊണ്ടാണ് ശ്രദ്ധേയനായത്.
4. കേരള ലിങ്കൺ എന്നറിയപ്പെടുന്ന അദ്ദേഹത്തിന് കൊച്ചി മഹാരാജാവ് കവിതിലകൻ, സാഹിത്യ നിപുണൻ എന്നീ ബഹുമതികൾ നല്കി. കേരള വർമ്മ വലിയ കോയിത്തമ്പുരാൻ അദ്ദേഹത്തിന് വിദ്വാൻ പദവി നല്കി.
5. സാഹിത്യത്തിലൂടെ രാഷ്ട്രീയ വിമർശനം നടത്തിയ വ്യക്തിയായിരുന്നു.
6. ജാതി വ്യവസ്ഥക്കെതിരേയും തൊട്ടുകൂടായ്മക്കെതിരേയും അദ്ദേഹം രചിച്ച ശ്രദ്ധേയമായ കൃതിയാണ് ജാതിക്കുമ്മി.
7. നൂറ്റി നാല്പത്തിയൊന്ന് കവിതാ ഖണ്ഡികയുള്ള ഈ കൃതിയിൽ കേരളത്തിലെ ഒട്ടുമിക്ക ജാതിപ്പേരുകളേയും പ്രതിപാദിക്കുന്നുണ്ട്.
8. അന്ധവിശ്വാസങ്ങൾക്കെതിരെ രചിച്ച ആചാര ഭൂഷണവും പ്രസിദ്ധമാണ്. സ്തോത്ര മന്ദാരം , ഉദ്യാന വിരുന്ന്, ലങ്കാ മർദ്ദനം, സമാധി സപ്താഹം തുടങ്ങി ഒട്ടനവധി കൃതികൾ രചിച്ചിട്ടുണ്ട്.
9. കൊച്ചിയിൽ നടത്തിയ കായൽ സമ്മേളനം പ്രസിദ്ധമാണ്. താഴ്ന്ന വിഭാഗക്കാർക്ക് കരഭൂമിയിൽ സമ്മേളനം നടത്തുവാൻ അവകാശം നിഷേധിച്ചതു കൊണ്ട് കെട്ടുവള്ളങ്ങൾ കൂട്ടിക്കെട്ടി നടത്തിയ സമ്മേളനമാണ് കൊച്ചിക്കായൽ സമ്മേളനം.
10. പണ്ഡിറ്റ് കറുപ്പന്റെ ഇഷ്ട ദർശനങ്ങളിൽ ഒന്നാണ് അദ്വൈത ദർശനം. (വിവരണം അപൂർണ്ണം)

## മുല്ലപ്പെരിയാർ

1. ഗുജറാത്തിലെ മച്ചു അണക്കെട്ട് തകർന്ന് മോർബി ടൗണിൽ ഉണ്ടായ അപകടത്തിൽ എത്ര പേർ മരിച്ചെന്ന് വ്യക്തമായ കണക്കില്ല.
2. ഒരു അണക്കെട്ടിന്റെ ശരാശരി കാലാവധി അൻപത് വർഷമാണ്. മുല്ലപ്പെരിയാർ നൂറ്റി ഇരുപത്തിയഞ്ചു വർഷം പിന്നിട്ടു.
3. തൊള്ളായിരത്തി തൊണ്ണൂറ്റി ഒൻപത് വർഷമാണ് മുല്ലപ്പെരിയാറിന്റെ പാട്ടക്കരാർ.

4. സുർക്കിയുടെ മിശ്രിതം ഒലിച്ചു പോകുന്നത് എപ്പോഴാണെന്ന് ആർക്കും പറയുവാൻ കഴിയില്ല.
5. മൺസൂൺ മഴ മലയാളിയുടെ ഭയം വർദ്ധിപ്പിക്കുന്നു. പെരിയാറിൻ കര, മൂവാറ്റുപുഴ, കോതമംഗലം, വിമാനത്താവളം, അങ്കമാലി, തൃശൂർ, കോട്ടയം, ആലപ്പുഴ, കൊച്ചി നഗരം എന്നിവ അറബിക്കടലിൽ സന്ധിക്കുന്ന അവസ്ഥയുണ്ടാകാം.
6. പുതിയ അണ നിർമ്മിക്കൽ മാത്രമാണ് ഏക രക്ഷാ മാർഗ്ഗം

**കൊറോണ**

അകാലം - അസമയം, ചീത്ത സമയം

പരാധി - അന്യന്റെ ദു:ഖം

ചിഹനനം - അടയാളപ്പെടുത്തൽ

അന്ധസ്സ് - ആഹാരം

***********